# പാഠ്യപദ്ധതി പരിഷ്ക്കരണം അനിവാര്യം



370.1

കെ.എസ്.ടി.എ. സംസ്ഥാനകമ്മറ്റി

പ്രസിദ്ധീകരണം

EC Library & Research Center
EC 326

# ആമുഖം

അത്യപൂർവ്വമായ ഒട്ടേറെ നേട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച നാടാണ് കേരളം. സാക്ഷരത, പ്രത്യേകിച്ചും സ്ത്രീസാക്ഷരത, താഴ്ന്ന ശിശുമരണനിരക്ക്, ഉയർന്ന ആയുർദൈർഘ്യം, ഗതാഗതസൗകര്യങ്ങൾ, ശുചിത്വബോധം തുടങ്ങി പല കാര്യങ്ങളിലും ലോകത്തെ മറ്റേതൊരു വികസിത സമൂഹത്തോടും കിടപിടിക്കാവുന്നതാണീ നേട്ടങ്ങൾ. ഈ ഒരു തലത്തിലേയ്ക്ക് കേരളത്തെ ഉയർത്തിയതിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്കുള്ള പങ്ക് വളരെ വലുതാണ്. വിദ്യാഭ്യാസത്തെ പരിവർത്തനത്തിൻെറ പടവാളാക്കാൻ പുരോഗമനപ്രസ്ഥാനങ്ങൾ ഇവിടെ എന്നും ജാഗ്രത പുലർത്തിയിട്ടുണ്ട്. സാമുദായിക പരിഷ്ക്കരണ പ്രവർത്തനങ്ങളും സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളും രാഷ്ട്രീയ നേതൃത്വങ്ങളുമെല്ലാം കേരളത്തിൻെറ ഇന്നത്തെ ഈ നേട്ടങ്ങൾക്ക് പിറകിലെ ശക്തിസ്രോതസ്സുകളാണ്. ഇന്ത്യയിൽ മറ്റെങ്ങും കാണാൻ കഴിയാത്തവിധം കീഴാളവർഗ്ഗ നവോത്ഥാനപ്രസ്ഥാനങ്ങളും മേലാളവർഗ്ഗ നവോത്ഥാനപ്രസ്ഥാനങ്ങളും ചരിത്രത്തിൻെറ ഒരു ദശാസന്ധിയിൽ ഏകോപിച്ചുനിന്ന് മുന്നേറിയതും കേരളത്തിൻെറ സവിശേഷത

യാണ്. ജാതി-മത-വർഗ്ഗ വ്യത്യാസവും ധനിക-ദരിദ്ര വ്യത്യാസവുമില്ലാതെ മുഴുവൻ ജനവിഭാഗങ്ങളുടേയും താല്പര്യങ്ങൾക്ക് അനുഗുണമായ വിദ്യാഭ്യാസരീതിയാണ് ഈ നൂറ്റാണ്ടിൻെറ ആദ്യപാദം മുതൽ ഇവിടെ നിലനിന്നുപോന്നത്. അത് സ്ഥാപിച്ചെടുക്കുന്നതിനുവേണ്ടി നടന്ന തീവ്രമായ പ്രക്ഷോഭങ്ങളാണ് കേരളചരിത്രത്തിൽ കൂടുതലും ഉണ്ടായിട്ടുള്ളത്. ക്രിസ്ത്യൻ മിഷനറിമാരും അയ്യങ്കാളിയും ശ്രീനാരായണ ഗുരു സ്വാമികളും വക്കം മൗലവിയും ഇടതുപക്ഷ പുരോഗമന ജനാധിപത്യപ്രസ്ഥാനവുമൊക്കെ അതിന് നേതൃത്വം കൊടുത്തവരിൽ പ്രധാനികളാണ്. ക്ഷേത്രങ്ങൾക്കൊപ്പം, ഒരുപക്ഷേ അതിനേക്കാൾ കൂടുതൽ സരസ്വതീക്ഷേത്രങ്ങളുടെ പ്രാധാന്യം ഉയർത്തിക്കാട്ടിയ ശ്രീനാരായണഗുരുവിൻെറ ദർശനം കേരളത്തിൻെറ വിദ്യാഭ്യാസ പുരോഗതിക്ക് അനുയോജ്യമായ പശ്ചാത്തലമൊരുക്കിയത് അവിസ്മരണീയമാണ്. രാജാധിപത്യത്തിൻേറയും പൗരോഹിത്യത്തിൻേറയും ഉഗ്രശാസനകളെ തൃണവൽഗണിച്ചുകൊണ്ടാണ് സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ എല്ലാ ചട്ടങ്ങളേയും മാറ്റിക്കൊണ്ട് ഒരു പുതിയ മാനവ സമൂഹത്തിനുവേണ്ടി പ്രവർത്തനരംഗത്തിറങ്ങിയത്. അങ്ങിനെ എല്ലാ മേഖലകളിലും പൊതുവായ ഒരു സാമൂഹിക-ജനകീയസ്വഭാവം കേരളത്തിൻെറ തനതു പൈതൃകമാണ്.

370.1

ഇത്തരത്തിലുള്ള പ്രബലമായ ഒരടിത്തറയിലാണ് കേരളപ്പിറവിയോടെ 1957 ഏപ്രിൽ 5-ന് ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവണ്മെൻറ് ഇവിടെ ഭരണമാരംഭിക്കുന്നത്. സാധാരണക്കാരുടെ ജീവിതസാഹചര്യങ്ങളിൽ മാറ്റം വരുത്താൻ, ഇന്ത്യപോലുള്ള കാർഷികപ്രധാനമായ ഒരു രാജ്യത്ത് ആദ്യം ചെയ്യേണ്ടത് ഭൂവുടമാബന്ധങ്ങളിൽ സമഗ്രമായ ഒരഴിച്ചുപണിയാണെന്ന് ആ സർക്കാരിനു നേതൃത്വം കൊടുത്ത കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അറിയാമായിരുന്നു. വിളിക്കുന്ന മുദ്രാവാക്യങ്ങൾ സാർത്ഥകമാക്കാനുള്ളവയാണ് എന്ന ആർജ്ജവത്തോടെ കാർഷികരംഗത്ത് സമഗ്രവും ശാസ്ത്രീയവുമായ പരിഷ്കരണങ്ങൾക്ക് ആ സർക്കാർ തുടക്കം കുറിച്ചു.

നിർബ്ബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസത്തെക്കുറിച്ച് ഭരണഘടനയിൽ എഴുതിവെച്ചത് ഇന്ത്യയിൽ പലേടത്തും ഇന്നും ഏട്ടിൽ കിടക്കുന്നതേയുള്ളു. വിദ്യാഭ്യാസത്തിൻെറ ജനകീയവൽക്കരണത്തിന് നിശ്ചയദാർഢ്യത്തോടെ തുടക്കമിട്ടത് ആദ്യത്തെ

കമ്മ്യൂണിസ്റ്റ് സർക്കാരാണ്. ഗ്രാമപ്രദേശങ്ങളിൽപ്പോലും പത്താംതരം വരെയുള്ള പഠനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസത്തിൻെറ വ്യാപനത്തിനായി മെഡിക്കൽ കോളേജുകളും പോളിടെക്നിക്കുകളും മറ്റു സാങ്കേതികസ്ഥാപനങ്ങളും സ്ഥാപിക്കുകയും ചെയ്തത് അന്നത്തെ സർക്കാരാണ്. സംസ്ഥാനത്തൊട്ടാകെ ഒരേകീകൃത പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരീക്ഷാസമ്പ്രദായവും ആ സർക്കാരിൻെറ കാലത്ത് ശാസ്ത്രീയമായി ആവിഷ്ക്കരിച്ചു നടപ്പാക്കി. കാർഷികനിയമത്തിലൂടെ കൃഷിക്കാരനെ സ്വതന്ത്രനാക്കി തുടക്കം കുറിച്ചതുപോലെ സമഗ്രമായ ഒരു വിദ്യാഭ്യാസനിയമത്തിലൂടെ അദ്ധ്യാപകനെ മോചിപ്പിച്ചത് മുണ്ടശ്ശേരി മാസ്റ്ററുടെ ഭരണപരിഷ്ക്കാരങ്ങളാണ്. വിദ്യാഭ്യാസമേഖലയുടെ നാനാപ്രകാരത്തിലുള്ള അഭിവൃദ്ധിക്ക് സഹായകമാവുന്നതായിരുന്നു അന്നത്തെ വിദ്യാഭ്യാസനിയമം. ലോകത്തെമ്പാടും നടക്കുന്ന പുരോഗമനോന്മുഖമായ മാറ്റങ്ങൾക്ക് അനുരോധമായ ആ നിയമം ഓരോ വിദ്യാലയത്തിൻേറയും സമഗ്രമായ പുരോഗതിയെ ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരുന്നു. കാർഷികനിയമവും വിദ്യാഭ്യാസനിയമവും കേരളജനതയുടെ വിമോചനപ്പോരാട്ടത്തിലെ രണ്ട് ആയുധങ്ങളാണെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് സങ്കുചിത രാഷ്ട്രീയക്കാരും മതസാമുദായികശക്തികളും അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ ചാരപ്പണംപറ്റി ആ സർക്കാരിനെ 'വിമോചനസമര'ത്തിലൂടെ അട്ടിമറിച്ചത്.

സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും നടത്തിയിട്ടുള്ള പ്രവർത്തനം വിദ്യാഭ്യാസ വ്യാപനത്തിൻെറ കാര്യത്തിൽ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽനിന്ന് ഭിന്നമായി കേരളത്തെ ബഹുദൂരം മുന്നോട്ടു കൊണ്ടുപോയി. എന്നാൽ സാമ്രാജ്യത്വ നുകത്തിൽനിന്ന് വിമോചിതമായ ഒരു ജനതയ്ക്ക് പുതിയ കരുത്തും പുതിയ പാതയും നൽകുന്ന തരത്തിലുള്ള ഒരു പൊളിച്ചെഴുത്ത് ഇന്ത്യൻ വിദ്യാഭ്യാസരംഗത്ത് ഇന്നേവരെ വന്നിട്ടില്ല. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി എന്തു ലക്ഷ്യത്തോടെയാണോ ഇന്ത്യയിൽ പൊതുവിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്, ആ ലക്ഷ്യം തികച്ചും അപ്രസക്തമായിട്ടും അതേ കരിക്കുലം സമീപനവും ക്ലാസ്റൂം ഘടനയും തുടരാനാണ് ഇന്ത്യാരാജ്യത്ത് പൊതുവെ ശ്രമിച്ചത്. സാമ്രാജ്യത്വം നൂറ്റാണ്ടുകളായി അടിച്ചേല്പിച്ച അടിമത്തബോധത്തിൽ നിന്ന് സ്വന്തം ജനതയെ മോചിപ്പിക്കുക എന്ന പ്രാഥമികലക്ഷ്യംപോലും കൈവരിക്കാൻ ഇന്ത്യൻ വിദ്യാഭ്യാസത്തിനു കഴിഞ്ഞിട്ടില്ല. സ്വന്തം

ശക്തി തിരിച്ചറിയാൻ ജനതയെ പ്രാപ്തമാക്കുന്ന അന്വേഷണപരതയേയും സർഗ്ഗശേഷിയേയും ഉണർത്തുന്ന സ്വാതന്ത്ര്യാനന്തര തലമുറയെ വിമോചനത്തിൻെറ പാതയിലേയ്ക്കു നയിക്കുന്ന ഒരു വിദ്യാഭ്യാസമായിരുന്നു നമുക്ക് വേണ്ടിയിരുന്നത്.

വിദ്യാഭ്യാസവ്യാപനത്തിൻെറ കാര്യത്തിൽ വിദ്യാഭ്യാസം പൗരാവകാശമാണെന്ന ധാരണയിലേയ്ക്ക് ജനതയെയാകെ വളർത്തുന്ന തരത്തിൽ കേരളം ബഹുദൂരം മുന്നേറിയെങ്കിലും ഇന്ത്യൻ വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിലും രീതിയിലും പൊതുവെ കണ്ട മേൽസൂചിപ്പിച്ച ദൗർബല്യങ്ങൾ കേരളത്തിലെ വിദ്യാഭ്യാസരംഗത്തും നിലനിന്നു. ഈ നൂറ്റാണ്ടിൻെറ രണ്ടാം പകുതിയിൽ ശാസ്ത്ര സാങ്കേതികരംഗങ്ങളിൽ ലോകത്തെമ്പാടുമുണ്ടായ വളർച്ച നമ്മുടെ ഉല്പാദനരീതികളേയും ജീവിതശൈലികളേയും മാറ്റിമറിച്ചെങ്കിലും നമ്മുടെ ക്ലാസ്റൂം ഘടനയേയോ പഠനരീതിയേയോ സ്പർശിച്ചതേയില്ല. ഈയൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം കേരളത്തിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസപരിഷ്ക്കാരങ്ങളെ നോക്കിക്കാണുവാൻ.

വിദ്യഭ്യാസത്തെ മാനവരാശിയുടെ മുന്നേറ്റത്തിനുള്ള ഒരായുധം എന്ന നിലയിൽ കാണുമ്പോൾ തികച്ചും ആവേശകരമായ ഒരു മാറ്റമാണ് ഇപ്പോൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. വിമോചനനിയമങ്ങളെ വിമോചനസമരങ്ങൾകൊണ്ടു നേരിട്ട അത്ര പിന്തിരിപ്പൻ പ്രസ്ഥാനങ്ങളുടെ വക്താക്കൾ ഇന്നു നടക്കുന്ന എല്ലാ ജനകീയപ്രവർത്തനങ്ങളേയും 'ജനകീയ പ്രതിരോധസമിതി'കളുണ്ടാക്കി ചെറുക്കുന്നതു കാണുമ്പോൾ നമുക്ക് പ്രത്യേകിച്ച് അത്ഭുതമൊന്നും തോന്നേണ്ടതില്ല. പരിവർത്തനത്തിൻെറ സൂര്യോദയത്തെ പഴമുറംകൊണ്ട് മറയ്ക്കാനുള്ള വ്യഥാശ്രമമാണിവർ നടത്തുന്നത്. അതിവിപ്ലവത്തിൻെറ വായാടികളും കപടരാഷ്ട്രീയത്തിലെ ആദർശവാന്മാരും വസ്തുതകൾ തിരിച്ചറിയാതെ പ്രസ്താവനയിറക്കുന്നവരും കച്ചവടക്കണ്ണുള്ള മാധ്യമലോബിയും അവരുടെ വർഗ്ഗതാല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഭാഗത്ത് ഒത്തുചേരുമ്പോൾ ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും ജനാധിപത്യപരവുമായ ഇന്നത്തെ വിദ്യാഭ്യാസപദ്ധതി വിജയിപ്പിക്കാനുള്ള ബാദ്ധ്യത കേരളത്തിലെ ജനകീയ ജനാധിപത്യപ്രസ്ഥാനങ്ങൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം ആർക്കുവേണ്ടി, എന്തിനുവേണ്ടി എന്ന ചോദ്യങ്ങൾ വീണ്ടും സജീവമാവുകയാണ്.

# എന്തുകൊണ്ട് പുതിയ പാഠ്യപദ്ധതി?

സ്കൂൾ പ്രായമെത്തിയ മുഴുവൻ കുട്ടികളേയും അഭ്യസിപ്പിക്കാൻ കഴിയുന്ന വിപുലമായ ഒരു വിദ്യാഭ്യാസ സംവിധാനം കേരളത്തിലുണ്ട്. 52 ലക്ഷം കുട്ടികൾ, പന്ത്രണ്ടായിരത്തിലധികം വിദ്യാലയങ്ങൾ, 1.8 ലക്ഷം അദ്ധ്യാപകർ, രണ്ടുകിലോമീറ്റർ ചുറ്റളവിൽ ഒരു വിദ്യാലയം- ഇന്ത്യയിൽ മറ്റൊരിടത്തും കാണാൻ കഴിയാത്ത ഒരു സംവിധാനമാണിത്. വിദ്യാഭ്യാസത്തിൻെറ ജനാധിപത്യവൽക്കരണത്തിൽ സാർവ്വത്രിക വിദ്യാഭ്യാസമെന്ന പ്രഥമവും പ്രധാനവുമായ ഘട്ടം നാം പൂർത്തീകരിച്ചിരിക്കുന്നു.

ഉയർന്ന സാക്ഷരത, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട വിദ്യാഭ്യാസസൗകര്യങ്ങൾ, മികച്ച പരിശീലനം ലഭിച്ച അദ്ധ്യാപകർ, ഉയർന്ന സാമൂഹ്യബോധമുള്ള ജനത- ഇതൊക്കെയുണ്ടായിട്ടും വിദ്യാഭ്യാസ ഗുണനിലവാരത്തിൻെറ കാര്യത്തിൽ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല.

ഒന്നാംക്ലാസിൽ പ്രവേശനം ലഭിക്കുന്ന നൂറു കുട്ടികളിൽ എഴുപത്

പേരാണ് പത്താം ക്ലാസിലെത്തുന്നത്. മോഡറേഷൻകൂടാതെ എസ്. എസ്.എൽ.സി. പാസ്സാകുന്നത് പതിനാലുപേർ മാത്രം.

## എസ്.എസ്.എൽ.സി. പരീക്ഷാഫലം
## ഒരു പഠനം

| | പരീക്ഷയ്ക്കിരുന്നവർ | പാസ്സായവർ | ശതമാനം |
|---|---|---|---|
| മാർച്ച് 1995 | 5,38,707 | 2,72,366 | 50.55 |
| മാർച്ച് 1996 | 5,36,617 | 2,62,038 | 48.33 |
| മാർച്ച് 1997 | 5,50,192 | 2,78,544 | 50.62 |
| മാർച്ച് 1998 | 5,41,479 | 2,81,961 | 52.07 |

മോഡറേഷൻ നൽകിയിട്ടും പകുതിയോളം കുട്ടികൾ ഒന്നിനും കൊള്ളാത്തവരായി മുദ്രകുത്തപ്പെടുന്നു. ഇതിൽ ഏതാണ്ട് പകുതിയോളം പേർ മോഡറേഷനിലൂടെ രക്ഷപ്പെടുന്നവരാണ്. ഫസ്റ്റ് ക്ലാസ്, ഡിസ്റ്റിംഗ്ഷൻ എന്നിവ ലഭിച്ച് ഉന്നതപഠനത്തിനു നീങ്ങുന്നവരുടെ എണ്ണം പത്തു ശതമാനത്തിൻെറ താഴെയാണ്. ഒരു പ്രൈമറി വിദ്യാർത്ഥിക്ക് 2,265/- രൂപയും ഹൈസ്കൂൾ വിദ്യാർത്ഥിക്ക് 3,413/- രൂപയുമാണ് പ്രതിവർഷം സർക്കാർ ഖജനാവിൽനിന്ന് ചെലവാക്കപ്പെടുന്നത് എന്നു തിരിച്ചറിയുമ്പോൾ നിലനിൽക്കുന്ന പാഠ്യപദ്ധതിയിലും ബോധനരീതിയിലും ശാസ്ത്രീയമായ മാറ്റം വരുത്തേണ്ടതിൻെറ അനിവാര്യത ബോദ്ധ്യമാകും.

നിലവിലുണ്ടായിരുന്ന സംവിധാനം ഗുണകരമാണോ? ജനാധിപത്യപരമാണോ? നമ്മുടെ കുട്ടികൾക്ക് ഉദ്ദിഷ്ടശേഷികൾ കൈവരിക്കാൻ കഴിയുന്നുണ്ടോ? ഹൈസ്കൂൾ ക്ലാസിലെത്തുന്ന കുട്ടികളിൽ നല്ലൊരു വിഭാഗത്തിനും പ്രാഥമികഭാഷാനൈപുണികളും ഗണിതനിപുണികളും ആർജ്ജിക്കാൻ കഴിയുന്നില്ല. ഭൗതികമായ കൊഴിഞ്ഞുപോക്ക് കുറവാണെന്നു പറയാമെങ്കിലും വിദ്യാഭ്യാസധാരയിൽനിന്നുതന്നെ യഥാർത്ഥത്തിൽ കൊഴിഞ്ഞുവീണ കുറെ കുട്ടികൾ നമ്മുടെ ക്ലാസ്മുറികളിൽ ഇരിക്കുന്നു എന്നതല്ലേ യാഥാർത്ഥ്യം! ഇവരെയൊക്കെ മരമണ്ടന്മാരെന്ന് മുദ്രകുത്തി നിലവിലുള്ള സംവിധാനവുമായി മുന്നോട്ടുപോകാൻ നമുക്കാവുമോ? അത് സാമൂഹ്യനീതിയുടെ മാനദണ്ഡങ്ങൾക്കു നിരക്കുന്നതാണോ? പട്ടികയിലെ വെറും പേരുകൾ മാത്രമായി ക്ലാസിലിരിക്കു

ന്ന പ്രതികരണമില്ലാത്ത കുട്ടികൾ യാന്ത്രികമായ ഈ വിദ്യാഭ്യാസ പ്രക്രിയയുടെ നിസ്സഹായരായ ഇരകളാണ്.

ഇത് നിലവിലുള്ള പാഠ്യപദ്ധതിയുടെ ഉള്ളടക്കവും പഠനരീതികളുമായി ബന്ധപ്പെട്ടിരിക്കുന്നു. പാഠ്യപദ്ധതി പരിഷ്കരിക്കണമെന്ന മുറവിളികൾ ആവർത്തിച്ചുണ്ടായിട്ടുണ്ട്. പരിഷ്കരിക്കാനുള്ള ശ്രമങ്ങളും നിരവധി ഉണ്ടായിട്ടുണ്ട്. പക്ഷേ, സമഗ്രമായ ഒരു പരിഷ്കരണം ഇതുവരേയും ഉണ്ടായിട്ടില്ല. പഠിതാവിൻേറയോ സമൂഹത്തിൻേറയോ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന തരത്തിലുള്ള മാറ്റങ്ങളുണ്ടാക്കാൻ നമുക്കായിട്ടില്ല. സമൂഹത്തിൻെറ മാറ്റം മുമ്പെന്നത്തേക്കാളും ദ്രുതഗതിയിൽ ഇന്ന് നമുക്ക് അനുഭവമാണ്. ഈ സാഹചര്യത്തിൽ ഒരു പുതിയ പാഠ്യപദ്ധതി നമുക്കുണ്ടാവണം.

## നിലവിലുള്ള പാഠ്യപദ്ധതിയുടെ പരിമിതികൾ

വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം പഠിതാവിൻെറ സമഗ്രവികസനമാണെന്നും പഠനബോധനരീതി ശിശുകേന്ദ്രീകൃതമായിരിക്കണമെന്നും മൂല്യനിർണ്ണയം സമഗ്രവും നൈരന്തര്യമുള്ളതുമാകണമെന്നും എല്ലാവരും അംഗീകരിച്ചിട്ടുള്ളതാണ്. കോത്താരി കമ്മീഷൻ റിപ്പോർട്ടു മുതൽ നിരവധി അംഗീകൃതരേഖകളിൽ ഇത് ഊന്നിപ്പറയുന്നതാണ്. ഇതിനു മുമ്പ് പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസപദ്ധതിയും 1990-ൽ സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പ്രൈമറി പാഠ്യപദ്ധതിയുടെ ആമുഖത്തിലും ഇതുതന്നെയാണ് ഊന്നിപ്പറയുന്നത്.

എന്നാൽ, ശിശുകേന്ദ്രീകൃതമായ ഒരു പാഠ്യപദ്ധതിയോ പാഠപുസ്തകങ്ങളോ ഇതുവരേയും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. കുട്ടിയിൽ വളർന്നുവരേണ്ട ശേഷികളെന്തെന്ന് നിർണ്ണയിക്കാനോ അതിന് എന്തു പഠനാനുഭവം നൽകുമെന്ന് തിട്ടപ്പെടുത്തുവാനോ പാഠ്യപദ്ധതി ശ്രമിക്കുന്നില്ല. കുട്ടികളുടെ പഠനരീതിയേയോ പഠനവേഗതയേയോ തീരെ പരിഗണിക്കുന്നില്ല. ഉദ്ദിഷ്ടശേഷികൾ ആർജ്ജിച്ചുവോ എന്നു പരിശോധിക്കാനുളള മൂല്യനിർണ്ണയരീതിയും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. ഓർമ്മശക്തിയെമാത്രം പരീക്ഷിക്കുന്ന എഴുത്തുപരീക്ഷാ സമ്പ്രദായം പിന്നെയും നിലനിന്നുപോന്നു. പഠനശേഷികളെന്തെന്ന് നിർണ്ണയിക്കപ്പെടാൻ ഈ സമ്പ്രദായത്തിനായില്ല. ഫലമോ? ബോധനസമ്പ്രദായം അദ്ധ്യാപക

കേന്ദ്രീകൃതവും പുസ്തകകേന്ദ്രീകൃതവുമായി തുടർന്നു. അദ്ധ്യാപകൻ പാഠപുസ്തകത്തിൻെറ അടിമയായി മാറി. 'ശിശുകേന്ദ്രീകൃത'മെന്ന ലേബലൊട്ടിച്ച് പഴയ ചരക്കുതന്നെ വീണ്ടും വിറ്റഴിക്കപ്പെട്ടു. അഞ്ചാംതരം മുതൽ മേലോട്ട് ഒരു സ്കൂൾ കരിക്കുലംതന്നെ നമുക്കുണ്ടായിരുന്നില്ല. പഠനവിഷയങ്ങൾ പ്രതിപാദിക്കുന്ന ഒരു സിലബസ് മാത്രം.

എല്ലാം പഠിപ്പിച്ചു തീർക്കുക എന്ന തത്രപ്പാടിൽ കുട്ടി അവഗണിക്കപ്പെട്ടു. താല്പര്യമോ ആവശ്യബോധമോ ജനിപ്പിക്കാത്ത ഒരു യാന്ത്രിക പ്രവർത്തനമായി കുട്ടിക്ക് വിദ്യാഭ്യാസം. പാഠപുസ്തകങ്ങളിലെ കൃത്രിമവും കഠിനസമസ്തപദപ്രയോഗങ്ങൾ നിറഞ്ഞതുമായ ഭാഷ, പുസ്തകങ്ങളോടുള്ള ആഭിമുഖ്യം ഇല്ലാതാക്കി. കുട്ടിയുടെ സർഗ്ഗാത്മകതയെയോ അന്വേഷണകൗതുകങ്ങളേയോ തൊട്ടുണർത്താത്ത അദ്ധ്യയനശൈലി ഉത്തരംനൽകുന്ന യന്ത്രങ്ങൾ മാത്രമായി നല്ല കുട്ടികളെപ്പോലും മാറ്റി. ആധുനിക മനഃശാസ്ത്രത്തിൻെറ അടിത്തറയില്ലാത്ത ബോധനസമീപനമാണ് ബഹുഭൂരിപക്ഷം കുട്ടികളുടേയും പിന്നോക്കാവസ്ഥയ്ക്കു കാരണം. എൻ.സി.ഇ.ആർ.ടി.യുടെ പ്രാഥമിക വിദ്യാഭ്യാസവിഭാഗം തലവനായ ഡോ. വിനീതാ കൗളിൻെറ നേതൃത്വത്തിലുള്ള എം.എൽ.എൽ. ഇംപ്ലിമെൻേറഷൻ വിലയിരുത്തൽ കമ്മറ്റി അവരുടെ റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസത്തിൻെറ വ്യാപനം ഏതാണ്ട് പൂർത്തിയായ കേരളത്തിൽ ഉള്ളടക്കത്തിലും ഗുണനിലവാരത്തിലും മാറ്റംവരുത്താൻ സമയമായിരിക്കുന്നു. അതു നടക്കാത്തപക്ഷം നിലവിലുള്ള സംവിധാനംതന്നെ നിലനിർത്തുക പ്രയാസകരമാകും. ഗുണനിലവാരത്തകർച്ചയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ വിരൽ ചൂണ്ടുന്നത് നമ്മുടെ പൊതുവിദ്യാഭ്യാസ സമ്പ്രദായം ജീർണ്ണിക്കാൻ തുടങ്ങിയിരിക്കുന്നു എന്ന യാഥാർത്ഥ്യത്തിലേയ്ക്കാണ്. ■

# പുതിയ പാഠ്യപദ്ധതിയുടെ കാഴ്ചപ്പാട്

വ്യക്തമായ വിദ്യാഭ്യാസദർശനത്തിൻേറയും ആധുനിക മനഃശാസ്ത്രത്തിൻേറയും അടിസ്ഥാനത്തിലാണ് പുതിയ പാഠ്യപദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. കുട്ടിയുടെ മനസ്സ് ക്ലീൻ സ്ലേറ്റാണെന്ന ധാരണ എന്നോ നിരാകരിക്കപ്പെട്ടതാണ്. ചുറ്റുപാടിനോട് ക്രിയാത്മകമായി പ്രതികരിക്കുക എന്നത് മനുഷ്യൻെറ ജീവചോദനയാണ്. ചുറ്റുപാടിനെ മനസ്സിലാക്കാനും ഇടപെടാനുമുള്ള ഉപാധികൾ എന്ന നിലയിലാണ് ഭാഷയും ഗണിതവുമെല്ലാം സ്വാംശീകരിക്കുന്നത്. ഇതുപോലെതന്നെ ഒരു ഭാഷാഘടനയും ഗണിതബോധവും യുക്തിചിന്തയും എല്ലാ കുട്ടികളിലും ജന്മസിദ്ധമായിത്തന്നെ കുടികൊള്ളുന്നു. ജനനം മുതൽ ചുറ്റുപാടിൽനിന്ന് മനുഷ്യശിശു പഠനമാരംഭിക്കുന്നു. 'ശൂന്യസംഭരണി'കളിൽ വിവരങ്ങൾ കുത്തിനിറയ്ക്കുന്ന പരമ്പരാഗത സമീപനം കുട്ടിയുടെ ആന്തരികമായ കഴിവുകളെ അംഗീകരിക്കുന്നില്ല. കുട്ടിയിൽ അന്തർലീനമായ കഴിവുകളുടെ വികസനത്തിന് സാഹചര്യമൊരുക്കുകയാണു വേണ്ടത്. ഓരോ കുട്ടിയിലുമുള്ള വ്യക്തിത്വത്തിൻെറ വിമോചനമാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം.

ആധുനിക മനഃശാസ്ത്രജ്ഞരുടേയും ഭാഷാശാസ്ത്ര വിദഗ്ദ്ധരുടേയും വിദ്യാഭ്യാസ ദാർശനികരുടേയും ചിന്തകളാണ് പുതിയ പാഠ്യപദ്ധതി മുന്നോട്ടുവെയ്ക്കുന്ന പഠനബോധനസമീപനങ്ങളുടെ അടിസ്ഥാനം.

"ശരിയായ വിദ്യാഭ്യാസം കുട്ടികളുടെ ഏറ്റവും നല്ല കഴിവുകൾ പുറത്തുകൊണ്ടുവരലാണ്. ക്രമവിരുദ്ധവും അനാവശ്യവുമായ വിവരങ്ങൾ വിദ്യാർത്ഥിയുടെ തലയിൽ കുമ്പാരം കൂട്ടിയതുകൊണ്ട് ഇത് സാദ്ധ്യമാകില്ല. അവരുടെ എല്ലാ വ്യക്തിത്വത്തേയും ഞെക്കി ഞെരുക്കി അവരെ യന്ത്രങ്ങളാക്കുന്ന ഒരു മഹാഭാരമാണത്."

-മഹാത്മാഗാന്ധി

*('ഹരിജൻ' 1.12.1933)*

ഈ കാഴ്ചപ്പാടിൻെറ അടിസ്ഥാനത്തിൽ ഒരു ഭാഷാസമീപനവും ഗണിതസമീപനവും പരിസരപഠനസമീപനവും വികസിപ്പിച്ചെടുത്തിട്ടുണ്ട്.

## ഭാഷാസമീപനം

ജനനം മുതൽതന്നെ കുട്ടി ഭാഷ പഠിക്കുന്നു. മറ്റുള്ളവരുടെ സംഭാഷണം ശ്രദ്ധിച്ചും സ്വന്തം ആവശ്യങ്ങളുന്നയിക്കാൻ, ഉള്ളറിയിക്കാൻ ഉപാധിയന്വേഷിച്ചും സ്വാഭാവികമായ ഭാഷാപഠനം നടക്കുന്നു. അക്ഷരങ്ങളായല്ല, ആശയങ്ങളായാണ് കുട്ടി ഭാഷ സ്വായത്തമാക്കുന്നത്. ഇതിൻെറ സ്വാഭാവികമായ വികാസവും ചിട്ടപ്പെടുത്തലുമാണ് വിദ്യാഭ്യാസത്തിൻെറ പ്രാഥമിക ഘട്ടത്തിൽ നടക്കേണ്ടത്. ഈ കാഴ്ചപ്പാടനുസരിച്ചാണ് പുതിയ പാഠ്യപദ്ധതി "ആശയാവതരണരീതി" അവലംബിച്ചിട്ടുള്ളത്. ആശയങ്ങളിൽനിന്ന് വാക്യങ്ങളിലേയ്ക്കും വാക്യങ്ങളിൽനിന്ന് പദങ്ങളിലേയ്ക്കും പദങ്ങളിൽനിന്ന് അക്ഷരങ്ങളിലേയ്ക്കും തിരിച്ച് കൂടുതൽ പദങ്ങൾ, വാക്യങ്ങൾ, ആശയങ്ങൾ എന്നിങ്ങനെയാണ് ഭാഷാഭ്യസനരീതി. പഴയ ആശയാവതരണരീതിയിൽനിന്നും പദാവതരണരീതിയിലേയ്ക്കു മാറിയപ്പോൾ "തറ-പറ ശൈലി" എന്നു പരിഹസിച്ചവരുണ്ട്. ശിശുമനഃശാസ്ത്രത്തിൽ മനുഷ്യൻെറ അറിവ് വികസിക്കുന്നതിനനുസരിച്ച് പഠനരീതി പരിഷ്കരിക്കപ്പെടണം.

അക്ഷരം പഠിപ്പിക്കുന്നില്ലെന്നും എഴുത്തു കുറവാണെന്നാണുമാണ് ഒരാരോപണം. ഇതിൽ യാതൊരടിസ്ഥാനവുമില്ലെന്ന് കഴിഞ്ഞ രണ്ടു വർഷമായി ഈ രീതിയിൽ പഠിപ്പിച്ച അദ്ധ്യാപകർക്കറിയാം. ഈ വി

മർശനമുന്നയിക്കുന്നവർ ഓർക്കുന്നില്ല; പഴയ രീതിയിൽ പഠിച്ച് പത്താം തരത്തിലെത്തുന്ന ഭൂരിപക്ഷം കുട്ടികൾക്കും പൂർണ്ണമായ അക്ഷരജ്ഞാനമില്ല എന്ന വസ്തുത. പുതിയ പാഠ്യപദ്ധതിയിൽ ഒന്നും രണ്ടും ക്ലാസുകളിൽവെച്ച് മുഴുവൻ അക്ഷരങ്ങളും കുട്ടി സ്വായത്തമാക്കുന്നു. ഒന്നാംതരത്തിലെ കുട്ടി വർഷാവസാനമാകുമ്പോഴേയ്ക്ക് സ്വന്തം വാക്യമെഴുതുന്നു. ലളിതമായ കഥ പൂരിപ്പിക്കുന്നു. സ്വരചിഹ്നങ്ങൾ ചേർത്തെഴുതുന്നു. രണ്ടാം ക്ലാസിലെ കുട്ടി ഡയറി എഴുതുന്നു. മൂന്നിലും നാലിലും പഠിക്കുന്ന കുട്ടി സ്വന്തം കവിതയും കഥയും ലഘുവിവരണങ്ങളും തയ്യാറാക്കുന്നു, വാർത്തയുണ്ടാക്കുന്നു. സർഗ്ഗാത്മകമായി ലളിതഭാഷ ഉപയോഗിക്കാൻ എന്തെന്തവസരങ്ങളാണ് തുറന്നുനൽകുന്നത്! പിന്നെ, നാടൻപാട്ടുകളും നാടൻപദങ്ങളും.

മനുഷ്യൻെറ കലയുടേയും ശാസ്ത്രത്തിൻേറയും വിജ്ഞാനങ്ങളുടെയും യഥാർത്ഥ ഉറവിടം അദ്ധ്വാനമാണ്. അദ്ധ്വാനത്തിൽ കൂട്ടായ ബലപ്രയോഗം ഫലപ്രദമാക്കാൻ മനുഷ്യർ പുറപ്പെടുവിച്ച താളാത്മകശബ്ദങ്ങളും വായ്ത്താരികളുമാണ് നമ്മുടെ സംഗീതസംസ്കാരത്തിൻേറയും കാവ്യസംസ്കാരത്തിൻേറയും ഉറവിടം. അദ്ധ്വാനിക്കുന്ന മനുഷ്യൻ പാടിയ നാടൻപാട്ടുകൾക്കുള്ളത് മണ്ണിൻെറ മണവും വിയർപ്പിൻെറ രുചിയും കലർന്ന ഈണങ്ങളാണ്. ആ പാട്ടുകളിൽ ചിലത് പാഠപുസ്തകത്തിലുൾപ്പെടുത്തി അംഗീകാരം നൽകുമ്പോൾ ആർക്കാണ് അസ്വസ്ഥത? അദ്ധ്വാനത്തോട് ഇന്നും അവജ്ഞ പുലർത്തുന്ന ആ മദ്ധ്യവർഗ്ഗ വിഭാഗങ്ങൾക്കുമാത്രം! നാടൻപാട്ടുകളും പണിപ്പാട്ടുകളും ക്ലാസ്സിൽ പാടുമ്പോൾ, പാടിയാടുമ്പോൾ നമ്മുടെ ഗാനപൈതൃകത്തിൻേറയും സാംസ്കാരികത്തനിമയുടേയും പൂത്തിരി കത്തലാണ്, കുട്ടിയുടെ ബോധമണ്ഡലത്തിൽ നടക്കുന്നത്. ആഗോളവൽക്കരണത്തിൻെറ സാംസ്കാരികാധിനിവേശം നമ്മുടെ സാംസ്കാരികബോധത്തെ അട്ടിമറിക്കുകയാണ്.

## ഗണിതശാസ്ത്രസമീപനം


ഗൗരവവിഷയമായ കണക്കുണ്ടോ കളിയിലൂടെ പഠിക്കാൻ കഴിയുന്നു? മറ്റൊരാക്ഷേപമാണ്. എസ്.എസ്.എൽ.സി. റിസൽട്ട് വിശകലനം തെളിയിക്കുന്നത് കണക്കിലാണ് കുട്ടികൾ കൂടുതലും തോൽക്കുന്നതെന്നാണ്. കണക്ക് ഒരു പ്രയാസമേറിയ വിഷയമാണെന്നാണ് കുട്ടികൾ

പൊതുവെ കരുതുന്നത്. പരമ്പരാഗതഗണിതപഠനരീതിയല്ലാതെ മറ്റെന്താണിതിനു കാരണം?

അമൂർത്തമായ ആശയങ്ങളാണ് ഗണിതശാസ്ത്രത്തിൽ കൈകാര്യം ചെയ്യുന്നത്. അക്കങ്ങൾപോലും അമൂർത്താശയങ്ങളാണ്. ഇവയെ സമൂർത്ത ജീവിതയാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്തി പ്രശ്നപരിഹാരശേഷി നേടുകയാണ് ഗണിതപഠനത്തിന്റെ ലക്ഷ്യം. യാന്ത്രികമായി കുറെ ഗണിതക്രിയകളിൽ ഏർപ്പെടുന്നതിനുപകരം ജീവിതവുമായി ബന്ധപ്പെട്ട സമൂർത്ത പ്രശ്നങ്ങൾക്ക് പരിഹാരം തേടലായി ഗണിതപഠനത്തെ മാറ്റിയെടുക്കാൻ കഴിയുമ്പോൾ കുട്ടിക്ക് അത് തന്റെ പ്രശ്നമായി മാറുന്നു. ഇതിനു പ്രേരണ നൽകുന്ന രൂപത്തിൽ ആവശ്യബോധമുണർത്താൻ കളിയുടെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിൽ എന്താണു തെറ്റ്?

## കോഴിയെ രക്ഷിക്കാമോ?

കോഴിക്കു പുറത്തുവരണം. പക്ഷെ, ഒരു വഴിയേയുള്ളൂ. ചങ്ങല തകർക്കണം. അതിനൊരു സൂത്രമുണ്ട്. അകത്തെ കള്ളിയിലെ ഏതെങ്കിലും രണ്ടു സംഖ്യകളുടെ ഗുണനഫലമാണ് ചങ്ങലയിലെ കണ്ണിയിലുള്ളത്. അങ്ങനെയല്ലാത്ത ഒരു കണ്ണി മാത്രമേയുള്ളൂ. അതു കണ്ടുപിടിക്കൂ. കോഴിയെ രക്ഷപ്പെടുത്തൂ.



ഗുണനക്രിയ മനസ്സിലുറപ്പിക്കാൻ ഒരു മൂന്നാംക്ലാസുകാരന് നാം എത്ര ഗൃഹപാഠം നൽകും? എന്നാൽ, കോഴിയെ രക്ഷിക്കുന്ന 'നായക'നായി സ്വയം ആവേശംകൊണ്ട് ഗുണനക്രിയ ചെയ്യുമ്പോഴോ? ഇതൊക്കെ 'കളി' എന്നുപറഞ്ഞ് തള്ളിക്കളയുകയാണോ വേണ്ടത്? ഈ കമ്പ്യൂട്ടർ യുഗത്തിലും കണക്കിനെ പേടിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കണോ നാം?

## പരിസരപഠനസമീപനം

കുട്ടി സ്വാഭാവികമായിത്തന്നെ തൻെറ പരിസരത്തെ (സാമൂഹ്യപരിസരവും പ്രകൃതിപരിസരവും) നിരീക്ഷിച്ചും തൊട്ടറിഞ്ഞും മനസ്സിലാക്കുന്നുണ്ട്. കുട്ടിയുടെ നൈസർഗ്ഗികമായ ഈ അന്വേഷണപരതയെ പ്രോത്സാഹിപ്പിച്ച് നിരീക്ഷിക്കാനും വസ്തുതകൾ ക്രമീകരിക്കാനും താരതമ്യം ചെയ്യാനും വർഗ്ഗീകരിക്കാനും നിഗമനങ്ങളിലെത്താനുമുള്ള ശേഷി നേടുകയാണ് വേണ്ടത്. ഇതിന് തൻെറ പരിസരത്തെ ഒരു തുറന്ന പരീക്ഷണശാലയായി പ്രയോജനപ്പെടുത്തുകയാണ് പുതിയ പരിസരപഠനസമീപനത്തിൽ ചെയ്യുന്നത്. 'ശാസ്ത്രം പ്രവർത്തനമാണ്' എന്ന് പാഠപുസ്തകത്തിൻെറ ചട്ടയിൽ അച്ചടിച്ചുവെച്ചതുകൊണ്ടായില്ല. ജന്തുക്കളുടെ ആഹാരരീതിയും സഞ്ചാരരീതിയും സസ്യങ്ങളുടെ പ്രത്യേകതകളുമെല്ലാം പാഠപുസ്തകവിവരണങ്ങൾ കാണാപ്പാഠം പഠിക്കുന്നതിനുപകരം പ്രകൃതിയെ എങ്ങനെ നിരീക്ഷിച്ചുപഠിക്കാം എന്ന പരിശീലനമാണ് പുതിയ പഠനരീതിയിലൂടെ കുട്ടി ആർജ്ജിക്കുന്നത്. "മഴ അളക്കാനുള്ള ഉപകരണം റെയിൻഗേജ്" എന്നു കാണാപ്പാഠം പഠിക്കുന്നതിനുപകരം മഴമാപിനിയുണ്ടാക്കി "എൻെറ വീട്ടിൽ നാലു സെൻറിമീറ്റർ മഴപെയ്തു" എന്ന് 'എൻെറ പരിസരപുസ്തക'ത്തിൽ രേഖപ്പെടുത്തി പിറ്റേന്ന് റിപ്പോർട്ടുചെയ്യുകയാണ് ഇന്ന് മൂന്നാംതരത്തിലെ കുട്ടി ചെയ്യുന്നത്.

ഇങ്ങനെ സ്വന്തമായ അന്വേഷണവും സ്വയം പഠനശീലവും വികസിപ്പിച്ചെടുക്കുന്ന കുട്ടി ചുറ്റുപാടുമുള്ള യാഥാർത്ഥ്യങ്ങളെ ശരിയായ രൂപത്തിൽ മനസ്സിലാക്കാൻ ത്രാണി നേടുന്നു. കുട്ടിയുടെ മനസ്സിൽ പുതിയ സംശയങ്ങളും ചോദ്യങ്ങളുമുണരുന്നു.

"നമ്മൾ ഇന്നേവരെ കുട്ടികളുടെ മസ്തിഷ്കത്തെ ഉത്തേജിപ്പിക്കുവാനും അങ്ങനെ മനസ്സിനെ വികസിപ്പിക്കുവാനും നോക്കാതെ സകലവിധ വസ്തുതകളും വിവരങ്ങളും അവരുടെ മനസ്സിൽ നിറയ്ക്കുവാനാണ് ശ്രദ്ധിച്ചിട്ടുള്ളത്."

-മഹാത്മാഗാന്ധി

*('ഹരിജൻ' 28.8.1932)*

സമൂഹം പരസ്പരബന്ധിതമാണ്. ഈ പാരസ്പര്യമാണ് സാമൂഹ്യശാസ്ത്രപഠനത്തിൻെറ അടിത്തറ. ചരിത്രമാകട്ടെ ഇന്നുമായി ബന്ധമില്ലാത്തതല്ല. ഈ കാഴ്ചപ്പാടിലാണ് സാമൂഹ്യശാസ്ത്രപഠനം രൂപപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുമ്പോൾ ആ പ്രദേശത്തെ വിവിധതരം വീടുകളെക്കുറിച്ചും അവയുടെ നിർമ്മാണസാമഗ്രികളെക്കുറിച്ചും നിർമ്മാണരീതികളെക്കുറിച്ചും മനസ്സിലാക്കാൻ അവസരമൊരുക്കുന്നു. മാത്രവുമല്ല, ഭവനനിർമ്മാണത്തിലടങ്ങിയിരിക്കുന്ന അദ്ധ്വാനത്തിൻെറ അളവും വീടിൻെറ സാമൂഹ്യബന്ധവും വിശകലനം ചെയ്യുന്നു. ഭവനനിർമ്മാണത്തിൻെറ ചരിത്രം, വിവിധ പ്രദേശങ്ങളിലെ വീടുകളുടെ പ്രത്യേകതകൾ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ പരസ്പരബന്ധിതമായി മനസ്സിലാക്കാൻ പറ്റുന്ന വിധത്തിലാണ് പാഠം ക്രമീകരിച്ചിരിക്കുന്നത്.

## ഉദ്ഗ്രഥിത സമീപനം (Integrated approach)

കുട്ടി പ്രപഞ്ചത്തെ ഒന്നായാണ് കാണുന്നത്, മനസ്സിലാക്കുന്നത്. 'വിലക്കയറ്റത്തിൻെറ കണക്കുകൾ' ഗണിതമാണോ സാമൂഹ്യശാസ്ത്രമാണോ എന്നു ചോദിച്ചാലോ? സാമൂഹ്യശാസ്ത്രത്തിലെ ഗണിതവും ഭാഷയിലെ ശാസ്ത്രവുമൊന്നും നാം മുതിർന്നവർപോലും വേർതിരിച്ചല്ല മനസ്സിലാക്കുന്നത്. അപ്പോൾ ശാസ്ത്രം, ഗണിതം, ഭാഷ എന്നൊക്കെയുള്ള കൃത്രിമമായ വേർതിരിവ് ശിശുസൗഹൃദപരമായ സമീപനമല്ല. പിന്നീട്, അറിവ് വിപുലമാകുമ്പോൾ ഔപചാരിക പഠനത്തിൻെറ ഘട്ടത്തിൽ വിഷയങ്ങളുടെ വേർതിരിവിലേയ്ക്കു കടക്കാം. 1, 2 ക്ലാസ്സുകളിൽ ഈ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അതുപോലെ 3, 4 ക്ലാസ്സുകളിൽ സമൂഹപരിസരവും പ്രകൃതി പരിസരവും കുട്ടി ഉദ്ഗ്രഥിച്ചാണ് പഠിക്കുന്നത്. യഥാർത്ഥത്തിൽ ഉയർന്ന ക്ലാസ്സുകളിൽപ്പോലും വിഷയങ്ങളുടെ ഉദ്ഗ്രഥനം പല സന്ദർഭങ്ങളിലും സാദ്ധ്യമാണ്.

ഭൂമിശാസ്ത്രം, സൗരയൂഥം, ദിനാന്തരീക്ഷവും കാലാവസ്ഥയും... ഇങ്ങിനെ എത്രയെത്ര മേഖലകളാണ് സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളിലും അടിസ്ഥാന ശാസ്ത്ര പാഠപുസ്തകങ്ങളിലും ആവർത്തിക്കാറുള്ളത്? ഇന്നാണെങ്കിൽ ഉന്നതവിദ്യാഭ്യാസത്തിൻെറ തലത്തിൽപ്പോലും ഉദ്ഗ്രഥനം അനിവാര്യമായിരിക്കുകയാണ്. മോളിക്കുലർ ബയോളജി, ആസ്ട്രോ ഫിസിക്സ്, ബയോ കെമിസ്ട്രി, ബയോ ഫിസിക്സ് തുടങ്ങിയ വിജ്ഞാനശാഖകളെല്ലാം പരിമിതമായ ഉദ്ഗ്രഥനംതന്നെ.

ഉദാഹരണമായി കൃഷി എന്ന ഒറ്റ വിഷയം നോക്കൂ. കൃഷിയിൽ ഒരു സാമ്പത്തികശാസ്ത്രമുണ്ട്, ഒരു രാഷ്ട്രീയമുണ്ട്. റബ്ബറിൻെറ വിലയിടിയുമ്പോൾ നമുക്കത് ബോദ്ധ്യമാവുന്നുണ്ട്. കൃഷിയിൽ ജീവശാസ്ത്രവും രസതന്ത്രവുമുണ്ട്. അത്യുല്പാദനശേഷിയുള്ള വിത്തുകളും രാസവളങ്ങളും അതിനു തെളിവാണല്ലോ. ട്രാക്ടറുകളും പമ്പുസെറ്റുകളും കൃഷിയിലെ ഭൗതികശാസ്ത്രമാണ്. ജനകീയാസൂത്രണത്തിലെ തടയണകൾ കൃഷിയിലെ സാമൂഹ്യശാസ്ത്രമാണ്... ഈ ഘടകങ്ങളുടെയെല്ലാം പാരസ്പര്യമാണ് കൃഷി. ഇതെല്ലാം ഒറ്റയടിക്ക് ഉദ്ഗ്രഥിക്കണമെന്നല്ല, സാദ്ധ്യമായ അളവിൽ ഇവയെ ഉദ്ഗ്രഥിക്കാതെ കൃഷിയെക്കുറിച്ച് ഒരു സമഗ്രധാരണ ലഭിക്കുന്നതെങ്ങിനെ? ഈ ഒരു സമഗ്രധാരണയില്ലാത്തതുകൊണ്ടാണ് റോക്കറ്റ് വിക്ഷേപിക്കുന്നതിനുമുമ്പ് ജ്യോതിശാസ്ത്രജ്ഞർ ജ്യോതിഷിയെക്കണ്ട് രാഹുകാലം നിർണ്ണയിക്കുന്നത്.

## ക്ലാസ്റൂം ജനാധിപത്യം

കുട്ടിയുടെ പ്രത്യേകതകളെ കേന്ദ്രീകരിച്ച ചിന്തകളിലൂടെ ആവിഷ്ക്കരിക്കപ്പെട്ട പഠനസമീപനങ്ങളാണ് മേൽ വിവരിച്ചത്. ഇതനുസരിച്ച് ഇന്നത്തെ കേരളീയ സാഹചര്യങ്ങളിൽ ഓരോ കുട്ടിക്കും ആർജ്ജിക്കാൻ കഴിയുന്ന ശേഷികൾ ഏതെല്ലാമെന്ന് നിർണ്ണയിക്കപ്പെടുന്നു. ഓരോ കുട്ടിയുടേയും പഠനവേഗതയും പ്രത്യേകരീതികളും വ്യത്യസ്ത താല്പര്യങ്ങളും പരിഗണിച്ച് ക്ലാസ്റൂം പ്രവർത്തനത്തിൽ മാറ്റംവരുന്നു. അദ്ധ്യാപികയും കുട്ടികളും കൂട്ടായ പ്രവർത്തനത്തിലൂടെ അറിവ് ഉല്പാദിപ്പിക്കുകയാണ് ചെയ്യുന്നത്.

ഇങ്ങിനെ അനുഭവങ്ങളിലൂടെ ആർജ്ജിക്കുന്ന അറിവ് സ്ഥായിയായി നിലനിൽക്കുന്നു. മാത്രവുമല്ല അവന് ആത്മവിശ്വാസം വർദ്ധിക്കുകയും പുതിയ അന്വേഷണങ്ങൾക്ക് ഔത്സുക്യമുണ്ടാവുകയും ചെയ്യുന്നു.

പാഠപുസ്തകങ്ങളെയോ അദ്ധ്യാപകരേയോ അവസാനവാക്കായി അംഗീകരിക്കാത്ത കുട്ടി ചോദ്യങ്ങളുന്നയിക്കുകയും സംവാദങ്ങളിലേർപ്പെടുകയും ചെയ്യുന്നു. പഠനപ്രക്രിയ കൂടുതൽ ജനാധിപത്യവൽക്കരിക്കപ്പെടുന്നു.

സംഘപ്രവർത്തനങ്ങളിലേർപ്പെടുന്ന കുട്ടി സ്വയമേവ ജനാധിപത്യമൂല്യങ്ങൾ ഉൾക്കൊള്ളുന്നു. 'ടീം സ്പിരിറ്റോ'ടെ ചർച്ചകളിലേർപ്പെടുകയും അഭിപ്രായങ്ങൾ കൈമാറുകയും സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്ത് ആധുനിക ജനാധിപത്യത്തിന് അനുപേക്ഷണീയമായ മൂല്യങ്ങൾ തികച്ചും അനൗപചാരികമായ രീതിയിൽ ആർജ്ജിക്കുകയാണു ചെയ്യുന്നത്. ഉപദേശങ്ങളോ ഗുണപാഠകഥകളോ മാത്രമല്ല മൂല്യം ഉല്പാദിപ്പിക്കുന്നത്, ബോധനരീതിക്കും ഇതിൽ പ്രധാന പങ്കുണ്ട്.

വിദ്യാഭ്യാസപ്രക്രിയ വ്യക്തിമാത്സര്യത്തിൻെറ അങ്കത്തട്ടുകളായി അധഃപതിക്കുന്നതിനുപകരം സഹകരണപഠനത്തിൻെറ ഒരു പുതിയ സംസ്കാരം വളർന്നുവരാൻ കളമൊരുങ്ങുന്നു. മത്സരം-കഴുത്തറപ്പൻ മത്സരം- വളർച്ചയുടെ ഏക പ്രചോദനവും പ്രകൃതിനിയമവുമാണെന്ന ധാരണ നിലവിലുള്ള ചൂഷണ വ്യവസ്ഥയുടെ പ്രത്യയശാസ്ത്ര ഉല്പന്നമാണ്. മൃഗത്തിൽനിന്നും മനുഷ്യനെ വേർതിരിക്കുന്ന പ്രധാനഘടകം മത്സരത്തിൻെറ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്ന സംഘബോധമാണ്.

## പഠനം ഭാരമല്ലാതാവുന്നു

കുട്ടിയുടെ പ്രകൃതത്തെ മാനിച്ച് പഠനഭാരം കുറയ്ക്കണമെന്നത് യശ്പാൽ കമ്മറ്റിയുടെ ശുപാർശയാണ്. എന്നാൽ പാഠ്യപദ്ധതിയിൽ ഒരു കുറവും വന്നിട്ടില്ല എന്നത് നിലവിലുണ്ടായിരുന്ന പാഠ്യപദ്ധതിയും പുതിയ പദ്ധതിയുടെ കരിക്കുലം പ്രസ്താവനകളും ചേർത്തു പരിശോധിച്ചാൽ വ്യക്തമാവും. പിന്നെങ്ങിനെയാണ് പഠനഭാരം കുറച്ചത്? പഠനഭാരം എന്നാൽ ഉള്ളടക്കമല്ല. ഇവിടെ മാറ്റിയതും ഉള്ളടക്കമല്ല.

പാഠപുസ്തകകേന്ദ്രീകൃതവും യാന്ത്രികവും മടുപ്പുളവാക്കുന്നതുമായിരുന്നു കുട്ടിയെ സംബന്ധിച്ചിടത്തോളം പഠനം. പഠനം ഒരു ഭാരംതന്നെയായിരുന്നു. എന്നാലിപ്പോൾ അവനിഷ്ടം തോന്നുന്ന, അവനുതന്നെ വായിക്കാവുന്ന, അവനോടു സംസാരിക്കുന്ന പാഠപുസ്തകങ്ങൾ- അവൻെറ സർഗ്ഗാത്മകപ്രവർത്തനങ്ങൾക്ക് നിരവധി അവസരങ്ങൾ-

അവൻെറ ശാരീരികവും മാനസികവുമായ ആവശ്യങ്ങൾക്കനുസരിച്ച് ക്രമപ്പെടുത്തിയ ക്ലാസ്റൂം പ്രവർത്തനങ്ങൾ- അങ്ങിനെ പഠനം അവന് ആഹ്ലാദകരമായ ഒരു അനുഭവമാകുന്നു. ഇവിടെ അറിവ് കുത്തിനിറയ്ക്കുകയല്ല, അറിവുനേടാനുള്ള ശേഷി വളർത്തിയെടുക്കുകയാണ് ചെയ്യുന്നത്.

പുതിയ പാഠ്യപദ്ധതി കുട്ടികളെ കുറച്ചുകാണുന്നു എന്ന ആക്ഷേപത്തിലും കഴമ്പില്ല. പഠനവേഗതയുള്ള കുട്ടിയ്ക്ക് ഏത് അതിർത്തിവരെ പോകാനും അവസരമുണ്ട്. അതേസമയം ഭൂരിഭാഗം കുട്ടികൾക്കും അടിസ്ഥാനശേഷികൾ വികസിപ്പിക്കാനും അവസരമുണ്ട്. നിലവിലുള്ള പാഠ്യപദ്ധതിയെപ്പോലെ ഭൂരിഭാഗത്തെ 'മണ്ടന്മാരാക്കുന്ന' ക്രൂരത അതിലില്ല.

ഒന്നുമുതൽ ഇരുപതുവരെയുള്ള സംഖ്യാബോധം മാത്രമേ ഒന്നാം തരത്തിലെ കരിക്കുലം നിർദ്ദേശിക്കുന്നുള്ളു. ഇതൊക്കെ പരിഗണിച്ചായിരിക്കാം ഉള്ളടക്കം കുറഞ്ഞുപോയി എന്ന ആരോപണം വന്നത്. എന്നാൽ വസ്തുതയെന്താണ്? ഇരുപതുവരെയുള്ള സംഖ്യകളല്ല, സംഖ്യാബോധമാണ് കുട്ടിയിൽ ഉറയ്ക്കുന്നത്. ഉദാഹരണമായി 8 എന്ന സംഖ്യ അമൂർത്തമാണല്ലോ. എട്ടു നാരങ്ങ എന്ന മൂർത്ത ആശയത്തിൻെറ സ്പഷ്ടീകരണത്തിനുള്ള ഉപാധിമാത്രമാണ് 8 എന്ന സംഖ്യ. ഈ സംഖ്യയെ പലതരത്തിൽ വ്യാഖ്യാനിക്കാം.

2+2+2+2=8

10-2=8

6+2=8

ഇത്തരം വ്യാഖ്യാനങ്ങൾ കണ്ടെത്തുന്ന കുട്ടി എല്ലാ ചതുഷ്ക്രിയകളുടേയും അടിസ്ഥാനമുറപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്രയും ചെയ്യാൻ തന്നെ സമയം പോരായെന്നാണ് അദ്ധ്യാപകരുടെ പരാതി.

## പാഠപുസ്തകങ്ങളും പഠനസാമഗ്രികളും

ഈ പുതിയ സമീപനമനുസരിച്ച് പാഠപുസ്തകങ്ങൾ അറിവിൻെറ അവസാന വാക്കല്ല. പാഠപുസ്തകങ്ങൾ കുട്ടിയോട് സംവദിക്കുന്നവയാണ്. പഠനപ്രവർത്തനത്തിലേർപ്പെടാൻ പ്രേരണ നൽകുന്നവയാണ്. അതിനോട് ബന്ധപ്പെട്ട് നിരവധി പഠനപ്രവർത്തനങ്ങൾ പഠനസഹായികളിലുണ്ട്. തൻെറ കുട്ടികൾക്ക് പ്രത്യേകമായി വേണ്ട ചിലത് അദ്ധ്യാപകൻ

തന്നെ കണ്ടെത്തേണ്ടതുണ്ട്. ഇതെല്ലാം ചേർത്താണ് കുട്ടി അറിവുകളും മനോഭാവങ്ങളും ശേഷികളുമാർജ്ജിക്കുന്നത്. പാഠപുസ്തകങ്ങൾ പഠനസാമഗ്രികളിൽ ഒന്നുമാത്രമാണ്. കുട്ടികൾ തയ്യാറാക്കുന്ന ചുമർപത്രികകൾ, യാത്രാവിവരണങ്ങൾ, പരിസരപുസ്തകം, പാട്ടുപുസ്തകം, കഥാപുസ്തകം, ഡയറി... ഇങ്ങനെ എത്രയെത്ര പഠനസാമഗ്രികൾ സ്വയം ശേഖരിച്ചും നിർമ്മിച്ചും വീട്ടുകാരുടേയും മറ്റും സഹായത്താൽ നിർമ്മിച്ചും തയ്യാറാക്കാം!

## ഒരുവർഷംകൊണ്ടുണ്ടായിട്ടുള്ള മാറ്റങ്ങൾ: പുറമ്പോക്കിൽനിന്ന് മുൻനിരയിലേയ്ക്ക്

വീട്ടിൽ വേണ്ടതുപോലെ ശ്രദ്ധിക്കാൻ ആളില്ലാത്തവർ, ട്യൂഷനുപോകാൻ കഴിവില്ലാത്തവർ, ഗൈഡ് വാങ്ങാൻ പണമില്ലാത്തവർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ പലർക്കും മുമ്പ് ക്ലാസ്മുറികളിലെ പുറമ്പോക്കിൽ മാത്രമായിരുന്നു സ്ഥാനം. എന്നാൽ ഇവരിൽപ്പലരുടേയും സ്ഥാനം ഇന്ന് മുൻനിരയിലേയ്ക്ക് മാറിയിരിക്കുന്നു. കാണാതെ പഠിച്ച കാര്യങ്ങൾ ഉരുവിടുന്നതിനുപകരം കാരണങ്ങളെ നിരീക്ഷിക്കാനും അപഗ്രഥിക്കാനും തുടങ്ങിയതോടെ ഇക്കൂട്ടർ മറ്റുള്ളവരേക്കാൾ ശ്രദ്ധിക്കപ്പെടുന്നവരായി. അധഃസ്ഥിതരുടെ മക്കൾ ഇന്ന് മുമ്പിലെത്തിത്തുടങ്ങി.

## അച്ചടക്കത്തിന് പുതിയ മാനം

നവീനബോധനരീതി അവലംബിക്കാൻ തുടങ്ങിയതോടെ അച്ചടക്കത്തിന് പുതിയ മാനം കണ്ടെത്താൻ കഴിഞ്ഞു. മുമ്പ് ഒന്നും ചെയ്യാനില്ലാത്തതുകൊണ്ട് ബഹളംവെച്ചിരുന്ന കുട്ടികൾ ഇന്ന് ഒന്നിനുപുറകെ മറ്റൊന്നായി താല്പര്യത്തോടെ കാര്യങ്ങൾ ചെയ്യാനുള്ള സാഹചര്യമുണ്ടായതോടെ ക്രിയാത്മകമായി പ്രതികരിക്കാൻ തുടങ്ങി. പുതിയ പാഠ്യപദ്ധതി പൂർണ്ണമനസ്സോടെ ഏറ്റെടുത്ത് ആത്മാർത്ഥമായി പ്രവർത്തിക്കുന്ന അദ്ധ്യാപകൻെറ ക്ലാസ്റൂം ഇന്നേറ്റവും അച്ചടക്കമുള്ള ക്ലാസ്മുറിയായി മാറിക്കഴിഞ്ഞു.

## അദ്ധ്യാപകൻെറ അറിവു വർദ്ധിക്കുന്നു

വിദ്യാർത്ഥികളെപ്പോലെ അദ്ധ്യാപകരും ഇന്ന് പുതിയ പുതിയ അറിവുകൾ നേടുന്നു. ഇന്നലെവരെ നിസ്സാരമെന്നു കണക്കാക്കിയിരുന്ന വസ്തുക്കളും പ്രക്രിയകളും എന്തെന്ന് കുട്ടികൾ ചോദിച്ചുതുടങ്ങിയ

തോടെ അവയുടെ പശ്ചാത്തലവും പ്രാധാന്യവും അന്വേഷിച്ചറിയാൻ അദ്ധ്യാപകൻ നിർബ്ബന്ധിതനായി. നാട്ടിൻപുറത്തെ തലമൂത്ത കൃഷിക്കാരനേയും തൊഴിലാളിയേയും വൈദ്യന്മാരേയും ശാസ്ത്രസാങ്കേതിക വിദഗ്ദ്ധരേയുമെല്ലാം നേരിൽക്കണ്ട് കാര്യങ്ങൾ മനസ്സിലാക്കുവാൻ അദ്ധ്യാപകൻ ശ്രമം ആരംഭിച്ചു. മുമ്പ് ക്ലാസ് മുറികളിൽ നിസ്സംഗനായിനിന്ന് പാഠഭാഗങ്ങൾ വായിച്ചിരുന്ന അദ്ധ്യാപകനുപകരം ഏതു സാഹചര്യത്തേയും തൻേറടത്തോടെയും ആത്മവിശ്വാസത്തോടെയും താല്പര്യത്തോടെയും നേരിടാനുള്ള ധൈര്യം ഇന്ന് ലഭിച്ചുകഴിഞ്ഞു. സഹാദ്ധ്യാപകരുമായിട്ടുള്ള ചർച്ചകൾ, ഗ്രന്ഥപാരായണം, വിവിധതരം പഠനങ്ങൾ എന്നിവയിലൂടെ കൂടുതൽക്കൂടുതൽ അറിവുനേടാനുള്ള താല്പര്യം അദ്ധ്യാപകനിൽ വർദ്ധിക്കുന്നു. എപ്പോഴെങ്കിലുമൊക്കെ നടത്തിയിരുന്ന പരിശീലനാഭ്യാസങ്ങൾ കുറ്റമറ്റ നിലയിൽ നടത്താനുള്ള ശ്രമവും ആരംഭിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്.

## പുതിയ മൂല്യനിർണ്ണയസമീപനം

ഓർമ്മശക്തിയെമാത്രം പരീക്ഷിക്കുന്നതും പാഠപുസ്തകപഠനത്തെമാത്രം പ്രോത്സാഹിപ്പിക്കുന്നതും ഭൂരിഭാഗത്തെ മണ്ടന്മാരായി മുദ്രകുത്തുന്നതുമായ ഒരു പരീക്ഷാക്രമമാണ് ഇന്ന് വിദ്യാഭ്യാസത്തിൻെറ ദിശാഗതിയാകെ നിർണ്ണയിക്കുന്നത്. നിർവ്വചിക്കപ്പെട്ട വിദ്യാഭ്യാസലക്ഷ്യങ്ങളൊന്നും കൈവരിക്കാത്ത കുട്ടിക്കുപോലും ഉയർന്ന മാർക്കോടെ പരീക്ഷ പാസ്സാവാം. പരീക്ഷാ കടലാസ്സിൽ 'പഠിച്ചത്' പകർത്തിയതിനുശേഷം 'ഒഴിഞ്ഞ പുട്ടുകുറ്റി' പോലെ ജീവിതയാഥാർത്ഥ്യങ്ങളിലേയ്ക്കിറങ്ങിച്ചെന്ന് പകച്ചുനിൽക്കുന്ന കുട്ടികളെ നാം കാണുന്നതാണല്ലോ!

ഈ 'പരീക്ഷ' മാറിയാലേ പരീക്ഷയ്ക്കുവേണ്ടി-എഴുത്തുപരീക്ഷയ്ക്കുവേണ്ടി എന്നതാണു ശരി-പഠിപ്പിക്കുന്ന രീതിയും മാറുകയുള്ളു. ഏതാനും ചില ഉപന്യാസങ്ങൾ തെരഞ്ഞെടുത്ത് കാണാതെ പഠിച്ച് ഭാഗ്യത്തിന് പരീക്ഷ പാസ്സാവുന്ന കുട്ടിയുടെ വൈജ്ഞാനികമണ്ഡലം ഏതാണ്ട് നമുക്കൂഹിക്കാമല്ലോ.

അപ്പോൾ, ബോധനതന്ത്രത്തിനനുസൃതമായ ഒരു മൂല്യനിർണ്ണയരീതിയും സമീപനവും വികസിപ്പിച്ചെടുത്തിട്ടുണ്ട്. നാം ലക്ഷ്യംവെച്ച ശേഷികളെല്ലാം കുട്ടി നേടിയിട്ടുണ്ടോ എന്നറിയാനാണല്ലോ മൂല്യനിർണ്ണയം നടത്തുന്നത്. എല്ലാ ശേഷികളും എഴുത്തുപരീക്ഷയിലൂടെ മൂല്യ

നിർണ്ണയം ചെയ്യാനാവില്ല. അതിനാൽ വിവിധ പ്രവർത്തനങ്ങളിലൂടെയും പ്രശ്നപരിഹാരങ്ങളിലൂടെയും ശേഷികൾ നിർണ്ണയിക്കുകയാണ് പുതിയ മൂല്യനിർണ്ണയരീതിയിൽ ചെയ്യുന്നത്. കമ്പ്യൂട്ടറിനെക്കുറിച്ച് ഒരു മലയാളപുസ്തകത്തിൽ പാഠം ഉൾക്കൊള്ളിക്കുകയും 'കമ്പ്യൂട്ടറിന്റെ പ്രധാന ഭാഗങ്ങൾ എന്തെല്ലാം?' എന്ന ചോദ്യം പരീക്ഷയ്ക്കു ചോദിക്കുകയും ചെയ്യുമ്പോൾ ഏറെ ഭാഷാശേഷികളൊന്നും മൂല്യനിർണ്ണയം ചെയ്യപ്പെടുന്നില്ലല്ലോ.

ഓരോ ഘട്ടത്തിലും ഉദ്ദേശിക്കപ്പെടുന്ന ശേഷീനിലവാരത്തിൽ കുട്ടി എത്തിയോ എന്ന് തിട്ടപ്പെടുത്തി ഗുണമേന്മയനുസരിച്ച് ഗ്രേഡ് നിർണ്ണയിക്കുകയാണ് ചെയ്യുന്നത്. ഉദ്ദിഷ്ടനിലവാരത്തിലെത്താത്ത കുട്ടിക്ക് കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തി നൽകാൻ ഇത് അദ്ധ്യാപകനെ സഹായിക്കുന്നു. കുട്ടികളുടെ വിവിധ ശേഷികളുടെ നിലവാരം കൃത്യമായി മനസ്സിലാക്കി, ആവശ്യമായ പഠനാന്തരീക്ഷമൊരുക്കാനും കുട്ടിയെ സഹായിക്കാനും രക്ഷിതാക്കൾക്കു കഴിയുന്നു. ടെർമിനൽ ഘട്ടത്തിൽമാത്രമല്ല മൂല്യനിർണ്ണയം നടത്തുന്നത്. ഓരോ പഠനഘട്ടങ്ങളിലും ഇത് നടക്കുന്നു. തന്മൂലം ശേഷീനിലവാരം തിട്ടപ്പെടുത്താനും ബോധനതന്ത്രങ്ങളിൽ ആവശ്യമായ മാറ്റം വരുത്താനും അദ്ധ്യാപകന് കഴിയുന്നു.

ഗ്രേഡിംഗ്‌രീതി വരികയും മാർക്ക് അപ്രസക്തമാവുകയും ചെയ്യുമ്പോൾ പലർക്കും ആശങ്കയുണ്ട്. മാർക്ക് രീതി ശീലിച്ചതുകൊണ്ടാണ് ഈ പ്രശ്നം. വാസ്തവത്തിൽ ഒരു കുട്ടി മലയാളത്തിൽ 35 മാർക്ക് വാങ്ങി എന്നുപറഞ്ഞാൽ നാം എന്തു മനസ്സിലാക്കും? വായനയും ഗ്രഹണവും ഏതു നിലവാരത്തിലാണ്? സർഗ്ഗാത്മകരചനയിലെ സാമർത്ഥ്യം എങ്ങിനെ? സംഭാഷണചാതുരി ഏതു നിലവാരത്തിലാണ്? ഇതൊന്നും മനസ്സിലാക്കാൻ '35' പര്യാപ്തമല്ല. എന്നാൽ എ, ബി, സി, ഡി എന്നിങ്ങനെ ഗ്രേഡുകൾ തിരിച്ച് ഓരോ ശേഷിയുടേയും നിലവാരം അറിയുകയല്ലേ കൂടുതൽ നല്ലത്?

ഒന്നോ രണ്ടോ റാങ്ക് ജേതാക്കൾ എന്നതിൽനിന്ന് കൂടുതൽ കുട്ടികൾ -അടിസ്ഥാനവർഗ്ഗത്തിൽനിന്നുപോലും കൂടുതൽ കുട്ടികൾ മുൻനിരയിലെത്താനും ഇത് സഹായകരമാവുന്നു. നിരവധി മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഗ്രേഡിംഗ് നിശ്ചയിക്കുന്നത്; ഓർമ്മശക്തിയെ മാത്രമല്ല.

പക്ഷെ, എൻഡോവ്മെൻറുകളുടേയും വ്യക്തിഗത സമ്മാനപദ്ധതികളുടേയും മറ്റും നിലവിലുള്ള മാനദണ്ഡം മാറ്റേണ്ടിവരും. അതുതന്നെയാണ് വേണ്ടത്. നിലവിലുള്ള എൻഡോവ്മെൻറ് മാനദണ്ഡങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസം ചിട്ടപ്പെടുത്തുകയല്ലല്ലോ ശരി. ഏറ്റവും നല്ല ശേഖരണമോ, ചുവർപത്രമോ, നിരീക്ഷണക്കുറിപ്പോ സമ്മാനിതമാവുകയാണെങ്കിൽ പ്രശ്നമില്ലല്ലോ!

## പാഠ്യപദ്ധതിയുടെ മറ്റു പ്രത്യേകതകൾ

- പൂർണ്ണമായും മതനിരപേക്ഷത നിലനിർത്താൻ ശ്രദ്ധിച്ചു.
- ലിംഗപരമായ വിവേചനം പൂർണ്ണമായും ഒഴിവാക്കാൻ ശ്രദ്ധിച്ചു.
- അദ്ധ്വാനിക്കുന്ന മനുഷ്യരോടും അദ്ധ്വാനത്തോടും ആദരവു വളർത്താൻ സഹായിക്കുന്ന നിരവധി പഠനസന്ദർഭങ്ങൾ ഒരുക്കുന്നു.
- ജീവിതോപാധികളുടെ വികാസമാണ് സമൂഹവികാസപരിണാമങ്ങളുടെ ചാലകശക്തിയെന്ന തിരിച്ചറിവോടുകൂടിയ ചരിത്രസമീപനം അവലംബിച്ചു. ഇന്നിൽനിന്ന് ഇന്നലെയിലേയ്ക്ക് എന്നതാണ് ചരിത്രപഠനതന്ത്രം. ('വീടിൻെറ കഥ', 'വാഹനങ്ങളുടെ കഥ', 'ഹലോ ഹലോ...', 'കല്ലുളിമുതൽ കമ്പ്യൂട്ടർവരെ' തുടങ്ങിയ പാഠങ്ങൾ– 'മിന്നാമിന്നി')
- അക്കാദമിക പ്രവർത്തനങ്ങളുൾപ്പെടെ സ്കൂളിൻെറ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കൾക്കും സമൂഹത്തിനും ഇടപെടാൻ അവസരമൊരുക്കുന്നു.
- ക്ലാസ്റൂം പ്രവർത്തനങ്ങളെസംബന്ധിച്ചും ബോധനതന്ത്രങ്ങളെക്കുറിച്ചും അദ്ധ്യാപകർ കൂട്ടായി ചർച്ചചെയ്യുന്ന രീതി വികസിച്ചു.

## വിമർശനങ്ങൾ

പാഠ്യപദ്ധതിക്കെതിരെ ഉയർന്നുവരുന്ന എല്ലാ വിമർശനങ്ങളും തീരെ കഴമ്പില്ലാത്തതാണെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നില്ല. ക്രിയാത്മകമായ വിമർശനങ്ങൾ ഉൾക്കൊണ്ട് തുടർച്ചയായി നവീകരിക്കപ്പെടുന്ന ഒരു ഡൈനാമിക് കരിക്കുലമാണ് നമുക്കാവശ്യം.

എന്നാൽ പല എതിർപ്പുകളും എതിർക്കാൻവേണ്ടിയുള്ള എതിർപ്പുകൾ മാത്രമാണ്. പാഠ്യപദ്ധതിയും അതിൻെറ സമീപനങ്ങളും പാഠ

പുസ്തകങ്ങളും അദ്ധ്യാപനസഹായികളും ക്ലാസ്റൂം പ്രവർത്തനങ്ങളും ആഴത്തിൽ വിലയിരുത്താതെ നടത്തുന്ന ഉപരിപ്ലവമായ വിമർശനങ്ങൾ മാത്രമാണ്. അത്തരം ചില വിമർശനങ്ങളിലേയ്ക്കു നോക്കാം.

## പുതിയ പാഠ്യപദ്ധതിയും ഡി.പി.ഇ.പി.യും ലോകബാങ്കും

പുതിയ പാഠ്യപദ്ധതിയെ ഡി.പി.ഇ.പി. എന്നു വിശേഷിപ്പിച്ച് ഡി.പി. ഇ.പി. ലോകബാങ്ക് സഹായമുള്ളതായതിനാൽ ഈ പാഠ്യപദ്ധതി ലോക ബാങ്കിൻെറ ഗൂഢാലോചനയുടെ ഫലമാണെന്നാണ് ഒരാരോപണം. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിൻെറ നിലവാരത്തകർച്ചയുടെ പശ്ചാത്തലത്തിൽ പുതിയ പാഠ്യപദ്ധതിയുടെ ആവിഷ്ക്കാരം അനി വാര്യതയായിത്തീർന്നു. ഈ പശ്ചാത്തലത്തിൽ കേരളസർക്കാർ പാഠ പുസ്തകം പരിഷ്ക്കരിക്കാൻ തീരുമാനിച്ചു. ഈ ജോലി ഡി.പി.ഇ.പി. യെ ഏല്പിക്കുകയും ചെയ്തു. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠി തവും പരിസരബന്ധിതവുമായ പാഠ്യപദ്ധതി എന്ന ആശയം കോത്താ രി കമ്മീഷൻ മുതൽ യശ്പാൽ കമ്മറ്റിവരെ ശുപാർശ ചെയ്തതാണ്. ഇങ്ങനെ ദശാബ്ദങ്ങളായി രൂപപ്പെട്ടുവന്ന ഒരു ആശയത്തിൻെറ പ്രാ യോഗികാവിഷ്ക്കാരം നടത്തുക മാത്രമാണ് ഡി.പി.ഇ.പി. ചെയ്തത്. ഡി.പി.ഇ.പി. ഇന്ത്യയിലെ നിരവധി സംസ്ഥാനങ്ങളിൽ ഉണ്ടെങ്കിലും കേരളത്തിലും മദ്ധ്യപ്രദേശിലും മാത്രമാണ് പാഠ്യപദ്ധതി പരിഷ്ക്കരി ക്കാൻ തിരുമാനിച്ചത്. പാഠ്യപദ്ധതി പരിഷ്ക്കരണം ഒരു ഡി.പി.ഇ.പി. പരിപാടിയല്ല എന്നർത്ഥം. മറ്റു സംസ്ഥാനങ്ങളിൽ പൂർണ്ണമായ വിദ്യാ ലയപ്രവേശനമാണ് ഡി.പി.ഇ.പി.യുടെ ലക്ഷ്യമെങ്കിൽ കേരളത്തിൽ ഈ ഗുണനിലവാരം മെച്ചപ്പെടുത്തലാണ് ലക്ഷ്യമിടുന്നത്. ഗുണനില വാരം മെച്ചപ്പെടുത്താൻ പാഠ്യപദ്ധതി നവീകരിക്കേണ്ടതുണ്ടെന്ന്, നേ രത്തെ സൂചിപ്പിച്ച നിരവധി പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേരള സർക്കാരാണ് തീരുമാനമെടുക്കുന്നത്.

കേരളത്തിൽ 6 ജില്ലകളിൽ മാത്രമാണ് ഡി.പി.ഇ.പി. ഉള്ളത്. എന്നാൽ 14 ജില്ലകളിലും പുതിയ പാഠ്യപദ്ധതിയാണ് സർക്കാർ നടപ്പിലാക്കിയ ത്. ഒരു വർഷത്തെ അനുഭവങ്ങൾ വിലയിരുത്തി കേരളസർക്കാർ നിയോഗിച്ച റിവ്യൂ കമ്മറ്റിയുടെ ശുപാർശകൾ ഉൾക്കൊണ്ടാണ് രണ്ടാം വർഷം പുസ്തകം അടിച്ചിറക്കുന്നത്. പുതിയ പുസ്തകങ്ങൾ തയ്യാറാക്കി യത് എസ്.സി.ഇ.ആർ.ടി. ആണ്. മാത്രവുമല്ല, പാഠ്യപദ്ധതി പരിഷ്ക

രണം പ്ലസ് ടൂ തലംവരെ നടത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് ചരിത്രത്തിലിന്നോളം കൈക്കൊണ്ടിട്ടില്ലാത്ത ജനാധിപത്യപരമായ രീതിയാണ് സർക്കാർ അവലംബിച്ചത്. ജനങ്ങളുമായും ജനപ്രതിനിധികളുമായും അദ്ധ്യാപകരുമായും പരിമിതമായ തോതിലെങ്കിലും ചർച്ചചെയ്യാൻ അവസരം കണ്ടെത്തി. പത്രങ്ങളിലൂടെ അഭിപ്രായം ക്ഷണിക്കുകയുമുണ്ടായി. ഈ പത്രപ്പരസ്യങ്ങൾക്ക് വ്യാപകമായ പ്രതികരണമുണ്ടായി. പരിമിതികൾ ഏറെയുണ്ടെങ്കിലും ജനപങ്കാളിത്തത്തോടെയാണ് പുതിയ പാഠ്യപദ്ധതി ആവിഷ്കരിക്കപ്പെട്ടത്. ഇത്തരമൊരു ജനകീയപ്രക്രിയയിൽ ലോകബാങ്ക് ഇടപെടൽ എങ്ങനെ നടക്കും?

ഇപ്പോൾ ലോകബാങ്ക് ബന്ധം ആരോപിക്കുന്നവർ ചില ചോദ്യങ്ങൾക്കുകൂടി മറുപടി കണ്ടെത്തുന്നതു നന്നായിരിക്കും.

- കേരളത്തിൽ നിലനിന്നുവന്ന പഴയ മെക്കോളെ വിദ്യാഭ്യാസ പദ്ധതി ലോകബാങ്ക് താല്പര്യങ്ങൾക്കെതിരായിരുന്നുവോ? സംശയങ്ങളും ചോദ്യങ്ങളുമില്ലാതെ, പാഠപുസ്തകങ്ങൾ ഉരുവിട്ടുപഠിച്ച് വിധേയത്വത്തിൻെറ പാഠങ്ങൾ പഠിക്കുന്ന കുട്ടി സാമ്രാജ്യത്വത്തിന് എതിരാവുന്നതെങ്ങിനെ? ഉപഭോഗസംസ്കാരത്തിന് നിസ്സഹായരായ ഇരകളെ സൃഷ്ടിച്ചുകൊണ്ടിരുന്ന ആ പഠനസമ്പ്രദായം തകർക്കാൻ ലോകബാങ്ക് മിനക്കെടുമോ?
- നെല്ലും പതിരും തിരിച്ചറിയാനും ചോദ്യം ചോദിക്കാനും സംശയിക്കാനും കുട്ടിയെ പരിശീലിപ്പിക്കുന്ന, സ്വയം പഠനക്ഷമതയെ പ്രോത്സാഹിപ്പിക്കുന്ന ഈ പുതിയ പാഠ്യപദ്ധതി സാമ്രാജ്യത്വത്തെ സഹായിക്കുന്നതെങ്ങിനെ?
- ഹയർ സെക്കന്ററിതലംവരെ നടത്താൻ പോകുന്ന ഒരു സമഗ്ര വിദ്യാഭ്യാസപരിഷ്ക്കാരം എങ്ങിനെ ഡി.പി.ഇ.പി. പദ്ധതിയാവും?

അറിഞ്ഞോ അറിയാതെയോ ഇത്തരം നുണകൾ പ്രചരിപ്പിക്കുന്നവർ ആരെ സഹായിക്കാനാണ് ശ്രമിക്കുന്നത്? ബോധപൂർവ്വമോ അല്ലാതെയോ അവർ ഉപരിവർഗ്ഗതാല്പര്യങ്ങളുടേയും സാമ്രാജ്യത്വതാല്പര്യങ്ങളുടേയും ദല്ലാൾപ്പണിയാണ് ഏറ്റെടുത്തിരിക്കുന്നത് എന്ന് അവരറിയുന്നു

ണ്ടോ? ചോദ്യം ചെയ്യാൻ ഭയക്കാത്ത ഒരു തലമുറയുണ്ടാകുന്നതിനെ ഭയപ്പെടുന്നവരുടെ വക്കാലത്താണ് അവർ ഏറ്റെടുത്തിരിക്കുന്നത്.

## രണ്ടുതരം വിദ്യാഭ്യാസമോ?

പുതിയ പാഠ്യപദ്ധതി നടപ്പിലായതോടെ കേരളത്തിൽ രണ്ടുതരം വിദ്യാഭ്യാസം നിലവിൽ വന്നതായി ചിലർ കണ്ടെത്തിയിരിക്കുന്നു. എന്നാൽ, പുതിയ പാഠ്യപദ്ധതി നടപ്പിൽവരുന്നതിനുമുമ്പോ? സർക്കാർ-എയ്ഡഡ് സ്കൂളുകൾ, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ തുടങ്ങിയ സ്കൂളുകൾ ഇവിടെ നിലനിന്നിരുന്നതാണല്ലോ. ഇത്തരം വരേണ്യവർഗ്ഗ സ്കൂളുകളുടെപേരിൽ നടന്നുവന്ന തട്ടിപ്പുകളും ഏറെയാണ്.

വിദ്യാഭ്യാസത്തിൻെറ വരേണ്യവൽക്കരണത്തിനെതിരെ എന്നും ശക്തമായ നിലപാടു സ്വീകരിച്ചുപോന്ന പ്രസ്ഥാനമാണ് കെ.എസ്.ടി.എ. അൺ എയ്ഡഡ് സ്കൂളുകൾക്കും പുതിയ പാഠ്യപദ്ധതി ബാധകമാക്കണമെന്നാണ് ഞങ്ങളുടേയും അഭിപ്രായം. മാതൃഭാഷയിലൂടെമാത്രം കൈക്കൊള്ളാൻ കഴിയുന്ന പഠനസമീപനങ്ങൾ അത്തരം വിദ്യാലയങ്ങൾക്കും ബാധകമാക്കുകയും പഠനമാദ്ധ്യമം നിർബ്ബന്ധമായും മാതൃഭാഷയാക്കുകയും വേണം.

മറ്റൊരു കാര്യം, പുതിയ മൂല്യനിർണ്ണയ സമീപനം വികസിക്കുന്നതോടെ, എസ്.എസ്.എൽ.സി. പരീക്ഷയ്ക്കും പ്ലസ് ടു പരീക്ഷയ്ക്കും മാറ്റം വരുന്നതോടെ, പുതിയ പഠനബോധ സമ്പ്രദായങ്ങൾ അനുവർത്തിക്കാൻ ഈ സ്കൂളുകൾ നിർബ്ബന്ധിതമാകും എന്നതാണ്.

രണ്ടുതരം പൗരന്മാരെ വാർത്തെടുക്കുന്നതിൽ പ്രതിഷേധമുള്ളവർ ഈ ജനാധിപത്യപ്രക്രിയ ത്വരിതപ്പെടുത്തുകയാണ് വേണ്ടത്.

### ഡി.പി.ഇ.പി. മാതൃക ഇനി ഇന്ത്യ ഒട്ടുക്കും

-ബി. മുരളി-

ഡി.പി.ഇ.പി. മാതൃകയിൽ ഇന്ത്യയിൽ എല്ലായിടത്തും പ്രൈമറി പാഠപുസ്തകങ്ങൾ വരും. രണ്ടുവർഷംമുമ്പ് ഡി.പി.ഇ.പി. തയ്യാറാക്കിയ കരിക്കുലത്തിനു സമാനമായ ദേശീയ പാഠ്യപദ്ധതിക്ക് എൻ.സി.ഇ.ആർ.ടി. രൂപം നൽകിക്കഴിഞ്ഞു.

* * * * * * * * *

...............കരിക്കുലം രൂപീകരിച്ചുകഴിഞ്ഞാൽ അതു വിഭാവനം ചെയ്യുന്ന പാഠപുസ്തകങ്ങൾ നിർമ്മിക്കുകയാണ് അടുത്തപടി. ഇന്ത്യയിലെ വിദ്യാഭ്യാസവിചിന്തനത്തിൻെറ പരമോന്നതസംഘടനയായ എൻ.സി.ഇ.ആർ.ടി.യുടെ പാഠ്യപദ്ധതിയും പുസ്തകങ്ങളുമാണ് സി.ബി.എസ്.ഇ. സ്കൂളുകളും കേന്ദ്രീയവിദ്യാലയങ്ങളും നവോദയാ വിദ്യാലയങ്ങളും മറ്റും സ്വീകരിക്കുന്നത്. ഇവർക്കെല്ലാം ഇതനുസരിച്ച് പാഠപുസ്തകങ്ങൾ മാറ്റേണ്ടിവരും.

('മലയാള മനോരമ' വാർത്ത-1999 മാർച്ച് 2; ഒന്നാംപേജ്)

## അൺഎയ്ഡഡ് സ്കൂളിലേയ്ക്കുള്ള 'ഒഴുക്ക്'

പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയതുമൂലം സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽനിന്ന് കുട്ടികൾ കൂട്ടത്തോടെ അൺ എയ്ഡഡ് മേഖലയിലേയ്ക്ക് ഒഴുകുകയാണ് എന്നാണ് ഒരു പ്രചരണം. വാസ്തവവിരുദ്ധമായ ഈ പ്രസ്താവന അദ്ധ്യാപകരിൽ അങ്കലാപ്പുണ്ടാക്കാനും രക്ഷിതാക്കളിൽ സ്വന്തം കുട്ടിയുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ആശങ്കയുണ്ടാക്കാനും ബോധപൂർവ്വം കെട്ടിച്ചമച്ചതാണ്. കഴിഞ്ഞ പത്തു കൊല്ലമായി ഒന്നാം ക്ലാസിലെ പ്രവേശനം കുറഞ്ഞുവരികയാണ്. താഴെക്കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക.

## നുണക്കെണികളുടെ പൊള്ളത്തരം

ഒന്നാംക്ലാസിലേയ്ക്കുള്ള സ്കൂൾപ്രവേശനം ഓരോ വർഷവും

| വർഷം | സർക്കാർ-അൺ എയ്ഡഡ് സ്കൂൾ | അഡ്മിഷനിലെ കുറവ് | കുറവ്% | അൺഎയ്ഡഡ് സ്കൂളുകളിലെ പ്രവേശനം |
|---|---|---|---|---|
| 1987-'88 | 6,12,251 | -- | -- | 17,802 |
| 1988-'89 | 5,90,868 | 21,383 | 8.5 | 17,776 |
| 1989-'90 | 5,75,571 | 15,297 | 2.5 | 18,977 |
| 1990-'91 | 5,80,969 | 5,398 | 0.9 | 20,061 |
| 1991-'92 | 5,54,963 | 26,006 | 4.75 | 20,946 |
| 1992-'93 | 5,42,965 | 11,998 | 2.2 | 21,772 |
| 1993-'94 | 5,17,399 | 25,566 | 4.6 | 23,914 |
| 1994-'95 | 5,05,644 | 11,755 | 2 .25 | 23,140 |
| 1995-'96 | 4,94,133 | 10,912 | 2.1 | 24,316 |
| 1996-'97 | 4,81,852 | 12,550 | 2.6 | 25,220 |
| 1997-'98 | 4,49,455 | 32,311 | 6.25 | 25,816 |
| 1998-'99 | 4,35,699 | 13,186 | 3.0 | – |

അവലംബം: ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ

1987-'88 മുതൽ 1998-'99 വരെ ഒന്നാം ക്ലാസ്സിലേയ്ക്ക് നടക്കുന്ന സ്കൂൾ പ്രവേശനം സംബന്ധിച്ച കണക്കാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഡി.പി.ഐ. ഓഫീസിലുള്ള സ്റ്റാഫ് ഫിക്സേഷൻ റിപ്പോർട്ടനുസരിച്ചുള്ള ആധികാരികമായ കണക്കാണിത്.

മൂന്നാമത്തെ കോളത്തിൽ ഓരോ വർഷവും മുൻവർഷത്തെ അപേക്ഷിച്ച് ഉണ്ടാകുന്ന കുറവാണ് കാണിച്ചിരിക്കുന്നത്. നാലാമത്തെ കോളത്തിൽ കുറവിൻെറ ശതമാനവും അഞ്ചാമത്തെ കോളത്തിൽ ഓരോ വർഷവും അൺ എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന ഒന്നാംതരത്തിലെ വിദ്യാലയപ്രവേശനത്തിൻെറ കണക്കാണ്.

എല്ലാ വർഷവും ഒന്നാംതരത്തിലേയ്ക്കുള്ള പ്രവേശനം കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1988-'89, 1991-'92, 1993-'94, 1997-'98 വർഷങ്ങളിൽ സാധാരണയിൽക്കവിഞ്ഞ കുറവുണ്ടാകുന്നതായും കാണുന്നു. ഈ വർഷങ്ങളിൽ കുറവിൻെറ തോത് കൂടുതലാവാൻ കാരണമെന്തെന്ന് വിശദമായി പഠിക്കുന്നത് നന്നായിരിക്കും. എന്നാൽ പുതിയ പാഠ്യപദ്ധതിയുടെ വിമർശകരും അവരെ സഹായിക്കുന്ന പത്രമുത്തശ്ശികളും പറയുന്നതുപോലെ, പാഠ്യപദ്ധതി നടപ്പിലാക്കിപ്പോൾ രക്ഷിതാക്കൾക്കുണ്ടായ ഉൽക്കണ്ഠയല്ല പ്രവേശനം കുറയാൻ കാരണമെന്നു വ്യക്തം. 1997-'98-ലാണ് ഏറ്റവും കുറവുള്ളത്: 32,367 (6.25%). ആ വർഷം കേരളത്തിലെ ആറു ജില്ലകളിൽമാത്രം പുതിയ പാഠ്യപദ്ധതി നടപ്പിലാക്കാൻ തുടങ്ങുന്നതേയുള്ളു. അതായത് പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനു മുമ്പാണല്ലോ വിദ്യാലയപ്രവേശനം നടക്കുക.

ഒരു കൊല്ലം നടപ്പിലാക്കി വിമർശകർ പരമാവധി ആശങ്ക പരത്തിനോക്കിയെങ്കിലും 1998-'99-ൽ 13,786 പേരുടെ, താരതമ്യേന നിസ്സാരമായ കുറവുമാത്രമേ ഉണ്ടാകുന്നുള്ളു; 3%. ഇതിനർത്ഥം ഒരു വർഷത്തെ അനുഭവത്തിൽ രക്ഷിതാക്കളുടെ ആശങ്ക ദൂരീകരിക്കപ്പെട്ടിരിക്കുന്നു എന്നായിരിക്കുമോ?

പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയതുമൂലം പ്രൈമറി വിദ്യാലയങ്ങളിൽ ഒരു ലക്ഷം കുട്ടികൾ കുറഞ്ഞുപോയി എന്ന് ഒരു പത്രം അടുത്തദിവസം വെണ്ടയ്ക്ക നിരത്തുകയുണ്ടായി. കണക്കുകൾ സൂചിപ്പിക്കുന്നത് അതൊരു പെരുംനുണയാണെന്നാണ്. ജനസംഖ്യാനിയന്ത്രണ

പ്രവർത്തനങ്ങളുടെ ഫലമായി കുട്ടികളുടെ എണ്ണം കുറയുന്നുണ്ട്. അതനുസരിച്ചുള്ള കുറവല്ലാതെ മറ്റൊരു കുറവും വിദ്യാലയപ്രവേശനത്തിൽ ഉണ്ടായിട്ടില്ല. സംഭ്രമജനകമായ വാർത്ത പ്രചരിപ്പിക്കുന്നവരുടെ ലക്ഷ്യം മറ്റുപലതുമായിരിക്കാം. പുതിയ പാഠ്യപദ്ധതിയെ തകർക്കേണ്ടത് അവരുടെ രാഷ്ട്രീയലക്ഷ്യമാണ്. രക്ഷിതാക്കളിൽ ആശങ്കയുണർത്തി വിദ്യാഭ്യാസക്കച്ചവടക്കാർക്ക് നല്ല കൊയ്ത്ത് നടത്താനുള്ള അവസരമൊരുക്കലും ചിലരുടെ ലക്ഷ്യമാണ്.

## എൻ.സി.ഇ.ആർ.ടി. പഠനം

എൻ.സി.ഇ.ആർ.ടി. യുടെ പ്രൈമറി വിഭാഗം കേരളത്തിലേയും മദ്ധ്യപ്രദേശിലേയും പുതിയ പാഠ്യപദ്ധതി സംബന്ധിച്ച് പഠനം നടത്തുകയുണ്ടായി. ദളിത് ഗുപ്ത കൺവീനറായ പഠനസംഘത്തിൽ വിനീതാ കൗൾ, വി.പി. ഗുപ്ത, സവിതാ വർമ്മ, നീരുബാല തുടങ്ങിയ വിദ്യാഭ്യാസവിചക്ഷണർ അംഗങ്ങളായിരുന്നു. 1998 ജനുവരി 4 മുതൽ ജനുവരി 8 വരെ കേരളം സന്ദർശിച്ച് ക്ലാസ്റൂം പ്രക്രിയ ഉൾപ്പെടെ പാഠ്യപദ്ധതി അവലോകനം ചെയ്യുകയുണ്ടായി. ഇവിടെ ചിലർ എത്ര ഉപരിപ്ലവമായാണ് കാര്യങ്ങൾ വിലയിരുത്തുന്നതെന്ന് അവരുടെ നിഗമനങ്ങൾ തെളിയിക്കുന്നു.

- പാഠ്യപദ്ധതിയുടെ പൊതുസമീപനം ശിശുകേന്ദ്രീകൃതവും കൺസ്ട്രക്ടീവ് സൈദ്ധാന്തിക ധാരണകൾക്കനുസരിച്ചുള്ളതുമാണ്.
- പരിസരത്തിൽ പ്രവർത്തിച്ചുകൊണ്ട് ധാരാളം അനുഭവങ്ങൾ ആർജ്ജിക്കാനും തന്റേതായ രീതിയിൽ ധാരണകൾ നിർമ്മിച്ചെടുക്കുന്നതിനും അവസരമൊരുക്കുന്നു.
- 1, 2 ക്ലാസ്സുകളിൽ ഉദ്ഗ്രഥിതസമീപനം സ്വീകരിച്ചതുവഴി പഠനം കൂടുതൽ സമഗ്രവും പരസ്പരബന്ധിതവുമാകുന്നു.
- നാലാംതരത്തിലെ കുട്ടികളുടെ പ്രായത്തിന് അതീതമായ കാര്യങ്ങൾ പാഠപുസ്തകത്തിലുണ്ടെന്നും പുസ്തകം സൂക്ഷ്മമായി അവലോകനം ചെയ്യണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു (കരിക്കുലം കുറഞ്ഞുപോയി എന്ന ഖേദത്തിലാണല്ലോ ചിലർ!).
- പാഠപുസ്തകങ്ങളിലെ ഭാഷ, ചിത്രീകരണം, ഉള്ളടക്കം എന്നിവ തികച്ചും ശിശുസൗഹൃദപരവും കുട്ടികളോട് സംവദിക്കുന്നതുമാണ്.

- നാടൻപാട്ടുകളും കഥകളും ഉൾപ്പെടുത്തിയത് സാംസ്കാരിക പ്രസക്തിയുള്ള കാര്യമാണ്.
- ഗണിതത്തിൻെറ സമീപനം നൂതനമാണ്. കണക്ക് ആസ്വദിച്ചു പഠിക്കാൻ ഇതുമൂലം സാധിക്കുന്നു.
- സഹപഠനം, സംഘപ്രവർത്തനം, സജീവപങ്കാളിത്തം, സ്വയംപഠനം എന്നിവ വളർത്തുന്ന രീതിയിലാണ് പാഠങ്ങളുടെ അവതരണരീതി.

പ്രശംസ കോരിച്ചൊരിയുക മാത്രമല്ല, ശക്തമായ വിമർശനങ്ങൾ ഉയർത്തുകയും ചെയ്യുന്നുണ്ട് എൻ.സി.ഇ.ആർ.ടി. റിപ്പോർട്ട്. സമൂലമായ ഒരു പരിവർത്തനത്തിന് അത്യന്താപേക്ഷിതമായ മുന്നൊരുക്കങ്ങൾ പൂർത്തിയാകാത്തതിനെക്കുറിച്ച് ശക്തമായ ഭാഷയിൽ വിമർശിക്കുന്നുണ്ട്. അദ്ധ്യാപകപരിശീലനം ഇനിയും ശക്തമാക്കേണ്ടതുണ്ടെന്നും അദ്ധ്യാപകസംഘടനകളുമായി കൂടുതൽ ചർച്ചചെയ്യേണ്ടതായിരുന്നുവെന്നും അദ്ധ്യാപകൻെറ സർഗ്ഗാത്മകതയെ ഉണർത്തും വിധമായിരിക്കണം അദ്ധ്യാപകസഹായി എന്നും ഇതിൽ കുറെക്കൂടി വ്യക്തമായ നിർദ്ദേശങ്ങൾ വേണമെന്നും പഠനസംഘം നിർദ്ദേശിക്കുന്നുണ്ട്.

ദൗർബ്ബല്യങ്ങളും കുറവുകളും ചൂണ്ടിക്കാട്ടുന്നതോടൊപ്പം നവീന പാഠ്യപദ്ധതിയും പുസ്തകങ്ങളും ഇന്ത്യയ്ക്കാകെ മാതൃകയാണെന്ന് എൻ.സി.ഇ.ആർ.ടി. നിർദ്ദേശിക്കുന്നു. ഈ മാതൃകയിൽ കരിക്കുലവും പാഠപുസ്തകങ്ങളും വികസിപ്പിക്കാൻ ഇതരസംസ്ഥാനങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

## ഗൗരവമേറിയ വീഴ്ചകൾ

നവീനവും പുരോഗമനോന്മുഖവുമായ ഈ പാഠ്യപദ്ധതിയെ പിന്താങ്ങുമ്പോൾത്തന്നെ അതു നടപ്പിലാക്കുന്ന ഘട്ടത്തിൽ അധികൃതർ വരുത്തിയ വീഴ്ചകളെ ഞങ്ങൾ ഗൗരവപൂർവ്വം കാണുന്നു. സമൂല പരിവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പാഠ്യപദ്ധതീപരിഷ്കരണത്തിന് നടത്തേണ്ട മുന്നൊരുക്കങ്ങൾ പൂർത്തിയാക്കാൻ അധികൃതർ ശ്രദ്ധിച്ചിട്ടില്ല. രക്ഷാകർതൃസമൂഹത്തേയും അദ്ധ്യാപകരേയും മാറ്റത്തിനു സജ്ജമാക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്.

ഡി.പി.ഇ.പി. ഇല്ലാത്ത എട്ടു ജില്ലകളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ അനിവാര്യമായും ഉണ്ടായിരിക്കേണ്ട അദ്ധ്യാപകപരിശീലനമോ പിന്തു

ണാസംവിധാനമോ രൂപപ്പെടുത്തിയിരുന്നില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. പാഠ്യപദ്ധതിക്കെതിരായി ഉയർന്നുവന്ന എതിർപ്പുകളുടെ പ്രധാന ഉറവിടം ഈ വീഴ്ചയാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കുന്നതിലുണ്ടായ ഉത്തരവാദിത്വരാഹിത്യവും പാഠ്യപദ്ധതിയുടെ സ്വീകാര്യതയ്ക്ക് മങ്ങലേല്പിച്ചിട്ടുണ്ട്. കഴമ്പില്ലാത്ത വിമർശനങ്ങളും ആക്ഷേപങ്ങളും അരങ്ങുതകർക്കുമ്പോൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ നിസ്സംഗതയും ദീർഘമൗനങ്ങളും മാറ്റത്തെ സ്വീകരിച്ച അദ്ധ്യാപകരുടെപോലും ആത്മവിശ്വാസം തകർക്കാൻപോന്നതായിരുന്നു. രക്ഷിതാക്കളുടെ ഉൽക്കണ്ഠയ്ക്കുനേർക്കും വിചിത്രമായ നിസ്സംഗതയാണ് അധികൃതർ വെച്ചുപുലർത്തിയത്.

## ഞങ്ങൾ ആവശ്യപ്പെടുന്നു

എൻ.സി.ഇ.ആർ.ടി. ശാസ്ത്രീയപഠനത്തിലൂടെ വെളിപ്പെടുത്തിയ അഭിപ്രായങ്ങൾ, ദീർഘവീക്ഷണവും അനുഭവജ്ഞാനവും സാമൂഹ്യവബോധവുമുള്ള ഒരു പ്രസ്ഥാനമെന്ന നിലയിൽ, കെ.എസ്.ടി.എ. തുടക്കം മുതൽ ഉന്നയിച്ചുവരികയാണ്. ഈ പശ്ചാത്തലത്തിൽ പാഠ്യപദ്ധതിയുടെ വിജയത്തിന് താഴെപ്പറയുന്ന അടിയന്തിരനടപടികൾ ഉണ്ടാകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

- മുഴുവൻ പ്രൈമറി അദ്ധ്യാപകർക്കും ഫലപ്രദമായ ട്രെയിനിംഗ് നൽകുക. അതിൻെറ ഒരു ഘട്ടം ഈ വേനലവധിക്കാലത്തുതന്നെ പൂർത്തിയാക്കുക.
- ഡി.പി.ഇ.പി. ജില്ലകളിലേതുപോലെയുള്ള മോണിറ്ററിംഗ്-പിന്തുണാസംവിധാനങ്ങൾ മറ്റു ജില്ലകളിലും ആവിഷ്കരിക്കുക. പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ സാന്നിദ്ധ്യവും ഗുണനിലവാരം മെച്ചപ്പെടുത്താൻ പ്രാദേശിക സ്വയംഭരണസംവിധാനങ്ങൾക്കു കൈവന്ന ചുമതലയും കണക്കിലെടുത്ത് ആസൂത്രണം ചെയ്താൽ അധിക സാമ്പത്തിക ബാദ്ധ്യതയില്ലാതെതന്നെ ഇതു നടപ്പിലാക്കാവുന്നതേയുള്ളു.
- പാഠപുസ്തകങ്ങളും അദ്ധ്യാപകസഹായികളും സ്കൂൾ തുറക്കുന്നതിനുമുമ്പുതന്നെ അച്ചടി പൂർത്തിയാക്കി എത്തിക്കുക.
- രക്ഷിതാക്കളേയും സമൂഹത്തേയും പുതിയ പാഠ്യപദ്ധതിയുടെ പ്രസക്തിയും മേന്മയും ബോദ്ധ്യപ്പെടുത്തുന്നതിന് ഫലപ്രദമായ

പ്രചരണം നടത്തുക. രക്ഷിതാക്കൾക്ക് ഒരു കൈപ്പുസ്തകം തയ്യാറാക്കുക. രക്ഷിതാക്കൾ കുട്ടിയെ എങ്ങിനെ സഹായിക്കണമെന്ന് ഈ കൈപ്പുസ്തകവും പരിശീലനവും നിർദ്ദേശിക്കണം.

- പഠനമാദ്ധ്യമം നിർബ്ബന്ധമായും മാതൃഭാഷയാക്കുക.
- പുതിയ പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന പഠനരീതിയുടെ ഫലപ്രദമായ നിർവ്വഹണത്തിന് കുട്ടികൾക്കനുയോജ്യമായ ധാരാളം പഠനസാമഗ്രികൾ വേണം. പഠനസാമഗ്രികളും വായനാസാമഗ്രികളും നിർമ്മിച്ചെടുക്കാൻ ശില്പശാലകൾ നടത്തുക. ഓരോ പഞ്ചായത്തിലേയും സ്കൂളുകൾക്കായി ആദ്യഘട്ടത്തിൽ ഓരോ ഓഡിയോ വിഷ്വൽ സെന്റർ സ്ഥാപിക്കുകയും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സംവിധാനമുണ്ടാക്കുകയും ചെയ്യുക. കമ്പ്യൂട്ടർ, ദൃശ്യശ്രാവ്യമാദ്ധ്യമങ്ങൾ എന്നിവയുടെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം.
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തലത്തിൽ ഫലപ്രദമായ ജനകീയ മോണിറ്ററിംഗ് സംവിധാനമുണ്ടാക്കുക.
- ടീച്ചർ ട്രെയിനിംഗ് കരിക്കുലം പുനരാവിഷ്കരിക്കുക.
- ആവശ്യമായ ഘട്ടങ്ങളിലെല്ലാം പുനഃപരിശീലനം നിർബ്ബന്ധമാക്കുക.
- അദ്ധ്യാപകവൃത്തിയോട് ആഭിമുഖ്യമുള്ള പ്രതിഭകളെ മാത്രം അദ്ധ്യാപകജോലിക്കു കണ്ടെത്തുക.
- വിദ്യാഭ്യാസവകുപ്പുമായി വിവിധ അധികാരകേന്ദ്രങ്ങൾ പരസ്പര ധാരണയോടെയും യോജിച്ചും സ്വാർത്ഥതാല്പര്യങ്ങൾക്കതീതമായി ഉയർന്ന കാര്യക്ഷമതയോടെ പ്രവർത്തിക്കുക.

## സമഗ്ര പാഠ്യപദ്ധതിക്കുവേണ്ടി

വിദ്യാഭ്യാസത്തിന്റെ സാമൂഹ്യലക്ഷ്യങ്ങൾ നിർവ്വചിക്കുന്ന രേഖയാണ് കരിക്കുലം. ഇതു വികസിപ്പിച്ചെടുക്കേണ്ടത് സാമൂഹ്യപ്രക്രിയയിലൂടെയാണ്; സമൂഹത്തിന്റെ ജനാധിപത്യപരമായ പങ്കാളിത്തത്തോടെയാണ്.

ഈ വീക്ഷണത്തോടെ ഒരു ജനകീയ കരിക്കുലം വികസനപ്രക്രിയ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ് കേരള സർക്കാർ. ഇന്ത്യയിൽ, ഒരുപക്ഷേ ലോകത്തുതന്നെ ആദ്യമായിട്ടാണ് ഇത്തരമൊരു സംരംഭം

നടക്കുന്നത്.

അപ്പർ പ്രൈമറിതലംതൊട്ട് മേലോട്ട് നമുക്കൊരു എഴുതപ്പെട്ട കരിക്കുലം ഉണ്ടായിരുന്നില്ല. കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ വിവരിക്കുന്ന ഒരു സിലബസ് മാത്രമാണ് ഉണ്ടായിരുന്നത്. ലക്ഷ്യബോധമില്ലാത്ത പോക്കായിരുന്നു നമ്മുടേത്.

എന്നാൽ അദൃശ്യമായ ഒരു കരിക്കുലം വിദ്യാഭ്യാസ പ്രക്രിയയെ ആകെ നിയന്ത്രിച്ചുകൊണ്ടിരുന്നു. കരിക്കുലത്തിൻെറ ഈ അദൃശ്യത ഉപരിവർഗ്ഗതാല്പര്യത്തിന് അനുകൂലമാണ്. കരിക്കുലം ദൃശ്യവും സുതാര്യവുമാകുമ്പോൾ മാത്രമേ അത് സമൂഹത്തിൻേറതാകൂ, ജനാധിപത്യപരമാകൂ.

ജനാധിപത്യപരമായ ഒരു കരിക്കുലം രൂപപ്പെടുത്താനുള്ള ഒരു സമീപനരേഖ വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കിക്കഴിഞ്ഞു. അത് ജീവിതത്തിൻെറ വിവിധ തുറകളിലുള്ള ജനങ്ങളാകെ ചർച്ചചെയ്യണം. പഠനരീതി, പഠനമാദ്ധ്യമം, മൂല്യനിർണ്ണയരീതി തുടങ്ങി സെക്കൻററി തലത്തിൽ വൈവിദ്ധ്യവൽക്കരണവും തൊഴിൽ പരിശീലനവും എങ്ങിനെ കൊണ്ടുവരാം? ജീവിതവുമായും സമകാലിക ഉല്പാദനപ്രക്രിയയുമായും എങ്ങിനെ സമന്വയിപ്പിക്കാം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങളിൽ അഭിപ്രായരൂപീകരണം നടത്തേണ്ടതുണ്ട്. പ്ലസ് ടൂ കഴിഞ്ഞ് പുറത്തുവരുന്ന ഒരു കുട്ടിയിൽ ഉണ്ടായിരിക്കേണ്ട അറിവുകളും ശേഷികളും മനോഭാവങ്ങളും എന്തായിരിക്കണമെന്ന് കേരളീയ സമൂഹം ഇദംപ്രഥമമായി തീരുമാനമെടുക്കാൻ പോവുകയാണ്. താഴെ തലത്തിൽ നടക്കുന്ന ചർച്ചകൾ ക്രോഡീകരിച്ച് വിദഗ്ദ്ധരുടെ സഹായത്തോടെ കരിക്കുലം വികസിപ്പിച്ചെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസത്തിൻെറ ജനകീയവൽക്കരണത്തിൽ വമ്പിച്ച പ്രാധാന്യമുള്ള ഈ കരിക്കുലം വികസനപ്രക്രിയ ഇന്ത്യയ്ക്കാകെ മാതൃകയായിരിക്കും. സാക്ഷരതാപ്രസ്ഥാനംപോലെ, ജനകീയാസൂത്രണംപോലെ ഇന്ത്യയ്ക്ക് കേരളത്തിൻെറ മറ്റൊരു മഹാമാതൃക!

ചരിത്രപരമായ ഈ പ്രക്രിയ വിജയിപ്പിക്കേണ്ടത് അദ്ധ്യാപക സമൂഹത്തിൻെറ ചുമതലയാണ്.

കേന്ദ്ര സർക്കാരിൻെറ വർഗ്ഗീയവൽക്കരണത്തിൻെറ വിനാശകരമായ സ്വാധീനങ്ങളിൽനിന്നും ആഗോളവൽക്കരണത്തിൻെറ ഭാഗമായ ഉപ

14326

ഭോഗസംസ്കാരത്തിൻെറ അധിനിവേശങ്ങളിൽനിന്നും കേരളത്തിൻെറ വിദ്യാഭ്യാസസംവിധാനത്തെ കാത്തുരക്ഷിക്കാനുള്ള പ്രതിരോധസംരംഭമായി ഈ കരിക്കുലം വികസനപ്രക്രിയ നമുക്കു പ്രയോജനപ്പെടുത്തണം. വിദ്യാഭ്യാസം വ്യക്തിപരമായ സംഗതിയാണെന്ന കാഴ്ചപ്പാടുളവാക്കുന്ന വികലമായ ധാരണകളിൽനിന്ന് സമൂഹത്തെ മോചിപ്പിക്കാനുള്ള ബഹുജനവിദ്യാഭ്യാസമായി ഈ കരിക്കുലം ചർച്ചകൾ ഉപയോഗിക്കാൻ കഴിയണം.

മഹത്തായ ലക്ഷ്യബോധത്തോടെ സർക്കാർ പ്രഖ്യാപിച്ച ഈ ജനകീയ പ്രക്രിയയെ നാമമാത്രമായ യാന്ത്രികപ്രവർത്തനമായി വെട്ടിച്ചുരുക്കാൻ നാം ആരേയും അനുവദിക്കരുത്.

പാഠ്യപദ്ധതി നവീകരണത്തിലൂടെ സാങ്കേതിക വൈദഗ്ദ്ധ്യമാവശ്യമുള്ള ഒരു തൊഴിലായി അദ്ധ്യാപനം ഉയരുകയാണ്. പാഠപുസ്തകങ്ങൾ പഠിപ്പിച്ചുതീർക്കുന്ന യാന്ത്രികപ്രവർത്തനത്തിൽനിന്ന് കുട്ടികൾക്കുള്ള പഠനസന്ദർഭങ്ങൾ ആസൂത്രണം ചെയ്യലായി അദ്ധ്യാപനം വളരാൻ തുടങ്ങി. അദ്ധ്യാപനം ഒരു സർഗപ്രക്രിയയായി വികാസം പ്രാപിക്കുകയാണ്. അദ്ധ്യാപകൻെറ അദ്ധ്വാനം കൂടുന്നുണ്ടെങ്കിലും അത് ഒരു സർഗപ്രക്രിയയായി മാറുമ്പോൾ ആഹ്ലാദകരമായ ആത്മാവിഷ്കാരമായി മാറുന്നു.

ഇന്നത്തെ ക്ലാസ്റൂമിലാണ് നാളത്തെ ഇന്ത്യ രൂപപ്പെടുന്നത്. അദ്ധ്യാപകൻ നാളെയുടെ എൻജിനീയറാണ്. ഒരു തൊഴിൽ എന്ന നിലയ്ക്കു തന്നെ അദ്ധ്യാപനം ഒരു സാമൂഹ്യപ്രവർത്തനമാണ്. സാമൂഹ്യബോധവും സ്വാതന്ത്ര്യബോധവുമുള്ള അദ്ധ്യാപകരാണ് പരിവർത്തനത്തിൻെറ വഴികാട്ടികളാവേണ്ടത്. ഭാവിതലമുറയ്ക്കു വഴിതെളിച്ചു കൊടുക്കേണ്ടത്. വിദ്യാഭ്യാസമേഖലയിൽ ജനാധിപത്യത്തിൻെറ സൂര്യനുദിക്കുമ്പോൾ അതിനെ തടുത്തുനിർത്താൻ വിഫലമായി ശ്രമിക്കുന്നവരുണ്ടാകും. പുതിയ തലമുറയെ വെളിച്ചത്തിലേയ്ക്കു നയിക്കാൻ ഉള്ളുറപ്പോടെ, ആർദ്രതയൂറുന്ന മനസ്സോടെ അദ്ധ്യാപകർ കർമ്മരംഗത്തുണ്ടായിരിക്കും എന്നു പ്രഖ്യാപിക്കാൻ കെ.എസ്.ടി.എ.യ്ക്ക് അതിയായ സന്തോഷമുണ്ട്. 21-ാം നൂറ്റാണ്ടിലെ കേരളത്തിൻെറ സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പാക്കിവരുന്ന വിദ്യാഭ്യാസപരിഷ്കാരങ്ങളെ പൂർണ്ണതയിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾക്കു കരുത്തുപകരാൻ ദേശസ്നേഹികളൊന്നടങ്കം അണിനിരക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. ■

PG Library & Research Center




## പാഠ്യപദ്ധതി പരിഷ്ക്കരണം അനിവാര്യം

കേരള സർക്കാർ വിദ്യാഭ്യാസരംഗത്തു വരുത്തുന്ന മൗലികമാറ്റങ്ങളെക്കുറിച്ച് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ബോധപൂർവ്വം ചില കേന്ദ്രങ്ങൾ നടത്തുന്നു. ഇത്തരുണത്തിൽ വസ്തുതകളെ സത്യസന്ധതയോടെ അവതരിപ്പിക്കുകയാണ് ഈ രേഖയിൽ

കെ.എസ്.ടി.എ. പ്രസിദ്ധീകരണം

# പാഠ്യപദ്ധതി പരിഷ്ക്കരണം അനിവാര്യം



370.1

കെ.എസ്.ടി.എ. സംസ്ഥാനകമ്മറ്റി

പ്രസിദ്ധീകരണം

Indic Digital Archive Foundation
gpura.org